2016 സെപ്റ്റംബർ 10
വാല്യം 09
ലക്കം 17

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# പാസ്റ്റർ സി. സി. തോമസിന് ചരിത്രവിജയം

* മുളക്കുഴ വിടാതെ പി. ജെ. ജെയിംസ്
* വീണ്ടും കോടതിയിലേക്ക്; ചർച്ച് ഓഫ് ഗോഡിൽ ഭരണസ്തംഭനം
* പി. ജെ. ജെയിംസിനെതിരെ പ്രതിഷേധം ശക്തമാകുന്നു
* ബിലീവേഴ്സ് ജേണലിന്റെ സർവ്വേ ഫലം ശരിവച്ചു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഓവർസീയർ പ്രിഫറൻസ് ബാലറ്റിൽ പാസ്റ്റർ സി. സി. തോമസിന് ചരിത്രവിജയം. പാസ്റ്റർ പി. സി. ചെറിയാനെ 149 വോട്ടിനാണ് തോല്പിച്ചത്. ആകെ പോൾ ചെയ്ത 865 വോട്ടിൽ സി. സി. തോമസിന് 496 വോട്ടും പി. സി. ചെറിയാന് 347 വോട്ടും ലഭിച്ചു. യഥാക്രമം പാസ്റ്റർമാരായ പി. ജെ. ജെയിംസ്(1), പി. ജി. മാത്യൂസ് (4), റ്റി. എം. മാമച്ചൻ (4), ജെ. ജോസഫ് (3), തോമസ് എം. പുളിവേലിൽ (1), തോമസുകുട്ടി ഏബ്രഹാം (1), സജി ജോർജ് (1) വോട്ടുകൾ നേടി. ഏഴ് വോട്ട് അസാധുവായി. പാസ്റ്റർ ജെ. ജോസഫ് (പോളിംഗ് ഓഫീസർ) പാസ്റ്റർ പി. ആർ. ബേബി (കൗണ്ടിംഗ്), കെ. സി. ജോൺ (നിരീക്ഷകൻ) എന്നിവർക്കായിരുന്നു തെരഞ്ഞെടുപ്പ് ചുമതല.

2011ലും 2013ലും ബിലീവേഴ്സ് ജേണൽ നടത്തിയ സർവ്വേയിൽ പാസ്റ്റർ സി. സി. തോമസ് ശുശ്രൂഷകന്മാരുടെ പിന്തുണ തേടി ഒന്നാം സ്ഥാനത്തെത്തിയിരുന്നു. ജേർണലിന്റെ സർവ്വേഫലം ശരിവയ്ക്കുന്നതാണ് തെരഞ്ഞെടുപ്പ് ഫലം. വൻഭൂരിപക്ഷത്തോടെ വിജയിച്ച സി. സി. തോമസിന്റെ തെരഞ്ഞെടുപ്പ് ഫലത്തെ അട്ടിമറിക്കാനുള്ള ഗൂഢനീക്കങ്ങൾ അണിയറയിൽ സജീവമായി. ജനാധിപത്യപരമായി നടന്ന തെരഞ്ഞെടുപ്പ് ഫലത്തെ അംഗീകരിക്കാതെ പാസ്റ്റർ പി. ജെ. ജെയിംസ് കോടതിയിൽ നടത്തിയ നാടകം പുറത്തുവന്നിരിക്കുകയാണ്. മഞ്ഞാടിയിൽ തെങ്ങുംപറമ്പിൽ



പാസ്റ്റർ സി. സി. തോമസ്

തോമസ് ടി. ജോർജ് നൽകിയ ഹർജിയിൽ പുതിയ ഓവർസീയർക്ക് ചുമതല കൈമാറുന്നതിൽ നിന്നും പാസ്റ്റർ പി. ജെ. ജെയിംസിനെ വിലക്കികൊണ്ട് ചെങ്ങന്നൂർ സബ്കോടതി ഇൻജക്ഷൻ ഓർഡർ നല്കി. എന്നാൽ ഒന്നാം പ്രതിയായി സൊസൈറ്റിയോ രണ്ടാം പ്രതിയായ പി. ജെ. ജെയിംസോ കോടതിയിൽ ഹാജരാകാതെ സഭയ്ക്കെതിരെ വിധി സമ്പാദിക്കുകയാണ് ചെയ്തത്. സമാനമായ നാടകമാണ് ജൂൺ 10-ലെ കേസിലും കളിച്ചത്. കേസുകളിച്ച് അധികാരത്തിൽ തൂങ്ങി കിടക്കാനുള്ള തികച്ചും ജനാധിപത്യ വിരുദ്ധമായ ഈ നടപടിക്കെതിരെ പ്രതിഷേധം ഇരമ്പുകയാണ്. സെപ്റ്റംബർ ഒന്നാം തീയതി പുതിയ ഓവർസീയർ ചാ




ർജ് എടുക്കുന്നത് തടയാൻ പോലീസ് സന്നാഹത്തെയും മുളക്കുഴയിൽ നില ഉറപ്പിച്ചിരുന്നു. ഇന്ത്യയിലെ എല്ലാ ഓവർസീയർമാരും തെരഞ്ഞെ

02

# ഐ. പി. സി. ജനറൽ കൗൺസിൽ

## പാസ്റ്റർ വിൽസൺ ജോസഫ് വൈസ് പ്രസിഡന്റ്, സജി പോൾ ട്രഷറാർ

**കുമ്പനാട്:** കോടതി വിധിയെ തുടർന്ന് അനിശ്ചിതത്വത്തിലായിരുന്ന ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പു പ്രക്രിയകൾ പൂർത്തിയായി. പ്രസിഡന്റായി പാസ്റ്റർ ജേക്കബ് ജോണും (ഹിമാചൽ), വൈസ് പ്രസിഡന്റായി പാസ്റ്റർ വിത്സൻ ജോസഫും (യുഎഇ), ജനറൽ സെക്രട്ടറിയായി പാസ്റ്റർ കെ. സി. ജോണും (കേരളം), ജോ. സെക്രട്ടറിയായി പാസ്റ്റർ തോമസ് ഫിലിപ്പും (കേരളം), ട്രഷററായി സജി പോളും (കേരളം) ഔദ്യോഗികമായി ചുമതലയേറ്റു.

ആഗസ്റ്റ് 10ന് നടന്ന ജനറൽ എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനം തിരുവല്ല മുൻസിഫ് കോടതി താൽക്കാലികമായി തടഞ്ഞിരുന്നു. ആഗസ്റ്റ് 26ന് സ്റ്റേ മാറ്റിക്കൊണ്ട് കോടതി ഉത്തരവിറക്കിയതോടെയാണ് ഫലപ്രഖ്യാപനം നടത്താൻ കഴിഞ്ഞത്.

ജനറൽ പ്രസിഡന്റായി പാസ്റ്റർ ജേക്കബ് ജോൺ വീണ്ടും തിര



പാസ്റ്റർ വിൽസൺ ജോസഫ്



സജി പോൾ

ഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ മൂന്നു വർഷം പ്രസിഡന്റായിരുന്ന അദ്ദേഹം എതിരില്ലാതെയാണ് രണ്ടാം തവണയും തെരഞ്ഞെടുക്കപ്പെട്ടത്.

പാസ്റ്റർ കെ.സി. ജോൺ ഇതു രണ്ടാം തവണയാണ് ജനറൽ സെക്രട്ടറിയാകുന്നത്. വീണ്ടും സെക്രട്ടറി സ്ഥാനത്തേക്ക് എത്തിയത് എതിരില്ലാതെയാണ്. പ്രഭാഷകനും തിരുവല്ല സെന്റർ പാസ്റ്ററും പവർ വിഷൻ ചാനൽ ചെയർമാനുമാണ്.

ജോയിന്റ് സെക്രട്ടറിയായി പാസ്റ്റർ തോമസ് ഫിലിപ്പും എതിരില്ലാതെ ഔദ്യോഗിക സ്ഥാനത്തെത്തി. മികച്ച പ്രഭാഷകനും മാവേലിക്കര ഈസ്റ്റ് സെന്റർ പാസ്റ്ററുമായ തോമസ് ഫിലിപ്പ് ഇതാദ്യമായാണ് എക്സിക്യൂട്ടീവ് പദവിയിൽ എത്തുന്നത്.

വൈസ് പ്രസിഡന്റ്, ട്രഷറാർ എന്നീ സ്ഥാനങ്ങളിലേക്ക് മാത്രമാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടിവന്നത്. അതിൽ വൈസ് പ്രസിഡന്റ് സ്ഥാനത്ത് അഞ്ച് സ്ഥാനാർത്ഥികളാണ് ഉണ്ടായിരുന്നത്. പാസ്റ്റർ വിത്സൻ ജോസഫ് തിരഞ്ഞെടുക്കപ്പെട്ടു. യു.എ.ഇ റീജിയൻ, കർണാടക സ്റ്റേറ്റ് എന്നിവയുടെ പ്രസിഡന്റായിരുന്നു. പത്തനംതിട്ട സെന്റർ പാസ്റ്ററാണ്.

ട്രഷററായി സജി പോൾ വിജയിച്ചു. കോട്ടയം മൂലേടം സഭാംഗവും സ്റ്റേറ്റ് കൗൺസിൽ മുൻ അംഗവുമാണ്. ദോഹയിൽ ബിസിനസ് ചെയ്യുന്നു.

വിധി സംബന്ധിച്ച ഔദ്യോഗിക രേഖ കോടതി വെബ്സൈറ്റിൽ നിന്ന് ലഭിച്ചശേഷമാണ് വോട്ടെണ്ണൽ ആരംഭി

06

# ഐ. പി. സി. ജനറൽ കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു

## പാസ്റ്റർ കെ. സി. ജോൺ, ബ്രദർ രാജൻ ആര്യപ്പള്ളിൽ



പാസ്റ്റർ കെ. സി. ജോൺ



ബ്രദർ രാജൻ ആര്യപ്പള്ളിൽ

**ഫ്ളോറിഡ:** ഐ. പി. സി. നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ 2016 മുതൽ 2018 വരെയുള്ള പ്രവർത്തനങ്ങൾക്കായി പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തപ്പോൾ പാസ്റ്റർമാരുടെ വിഭാഗത്തിൽ നിന്ന് പാസ്റ്റർ കെ. സി. ജോൺ (സൗത്ത് ഫ്ളോറിഡ), സഹോദരന്മാരുടെ പ്രതിനിധിയായി ബ്രദർ രാജൻ ആര്യപ്പള്ളിൽ (അറ്റ്ലാന്റാ) എന്നിവർ ഐ. പി. സി. ജനറൽ കൗൺസിൽ അംഗങ്ങളായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

ജനറൽ കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ കെ. സി. ജോൺ ഐ. പി. സി. സൗത്ത് ഫ്ളോറിഡ സഭയുടെ സീനിയർ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗം, പ്രിസ്ബിറ്ററി അംഗം ചെങ്ങന്നൂർ, പട്ടാഴി സഭയുടെ മുൻ ശുശ്രൂഷകൻ, ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയൻ മുൻ പ്രസിഡന്റ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സഹോദരന്മാരുടെ പ്രതിനിധിയായി ജനറൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ബ്രദർ രാജൻ ആര്യപ്പള്ളിൽ കുമ്പനാട് സ്വദേശിയും ഐ. പി. സി. ജനറൽ കൗൺസിൽ അംഗവുമായിരുന്നു. ഐ. പി. സി. ഫാമിലി

06




അധികാര മോഹമില്ലെന്നും സ്ഥാനമാനങ്ങളോട് താല്പര്യമില്ലെന്നും നേതാവ്

*പക്ഷെ ബംഗ്ലാവും വിടില്ല കുന്നിൽ നിന്ന് താമസവും മാറില്ല.*

# ഐ. പി. സി. കേരളാ സ്റ്റേറ്റ് സണ്ടേസ്കൂൾ

## കുര്യൻ ജോസഫ് ഡയറക്ടർ, ജോസ് തോമസ് ജനറൽ സെക്രട്ടറി

**കുമ്പനാട്:** ഐ. പി. സി. സണ്ടേസ്കൂൾസ് അസോസിയേഷൻ തെരഞ്ഞെടുപ്പിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ആഗസ്റ്റ് 30ന് നടന്ന തെരഞ്ഞെടുപ്പിൽ ഡയറക്ടറായി ബ്രദർ കുര്യൻ ജോസഫ്, ജനറൽ സെക്രട്ടറിയായി പാസ്റ്റർ ജോസ് തോമസ് ജേക്കബ്, ട്രഷററായി ബ്രദർ അജി കല്ലുങ്കൽ എന്നിവരെ തെരഞ്ഞെടുത്തു.

ഡപ്യൂട്ടി ഡയറക്ടർമാരായി പാസ്റ്റർ സാം വർഗീസ്, പാസ്റ്റർ ജെ



കുര്യൻ ജോസഫ്



ജോസ് തോമസ്



അജി കല്ലുങ്കൽ

യിംസ് ഏബ്രഹാം, പാസ്റ്റർ തോമസ് മാത്യു ചാരുവേലിൽ എന്നിവരും അസോസിയേറ്റ് സെക്രട്ടറിമാരായി ജോജി ഐപ്പ് മാത്യൂസ്, സണ്ണി ഏബ്രഹാം, പാസ്റ്റർ സി. റ്റി. ജോൺ എന്നിവരെയും തെരഞ്ഞെടുത്തു.

കമ്മറ്റി അംഗങ്ങളായി പാസ്റ്റേഴ്സ് സാംകുട്ടി ജോൺ, തോമസ് ജോർജ്ജ്, റ്റി. എ. തോമസ്, ജിജി ചാക്കോ എന്നിവരും സഹോദരന്മാരായ പി. എം. ഫിലിപ്പ്, ബെന്നി പുള്ളോലിക്കൽ, ഫിന്നി പി. മാത്യു, പി. വി. ഉമ്മൻ, പി. പി. ജോൺ, ജിസ് മോൻ, റോയി ആന്റണി, സജി എം. വർഗീസ് എന്നിവരെ തെരഞ്ഞെടുത്തു.

**വായനക്കാരുടെ ശ്രദ്ധയ്ക്ക്**

വരിസംഖ്യ നൽകാത്തവർക്ക് ഇനി പത്രം അയയ്ക്കുന്നതല്ല.

വരിസംഖ്യ അടയ്ക്കേണ്ട വിലാസം

Believers Journal
Kandankeril Building
Kumbanad P.O.,
Thiruvalla - 689 547
Ph: 0469 2666995

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

**പത്രാധിപർ**

## എഡിറ്റോറിയൽ

# കോടതി വ്യവഹാരം കൊണ്ട് എന്ത് നേടി?



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഒരിക്കൽ പരിശുദ്ധാത്മാവ് നിയന്ത്രിക്കുകയും നടത്തുകയും ചെയ്ത പെന്തെക്കോസ്ത് സഭകളിൽ കോടതി വ്യവഹാരം ഒഴിഞ്ഞിട്ട് നേരമില്ല എന്നായിരിക്കുന്നു സ്ഥിതി. ഐ. പി. സി.യിലും ചർച്ച് ഓഫ് ഗോഡിലും കേസുകളുടെ പെരുമഴയാണ്. അധികാരം കിട്ടാനും അധികാരം കൈവിടാതിരിക്കുവാനുമുള്ള തത്രപ്പാടിലാണ് കേസുകളുടെ ഘോഷയാത്ര ഉണ്ടായിരിക്കുന്നത്. പണ്ടൊക്കെ ദൈവജനത്തിന്റെ കാര്യങ്ങൾ തീരുമാനിക്കുന്നത് ദൈവദാസന്മാരും അവരുടെ സമിതിയുമൊക്കെയായിരുന്നു. കാലങ്ങൾ മാറി ജഡികർ ഭരണത്തിൽ പിടിമുറുക്കി. ലോകവും സഭയും തമ്മിലുള്ള അകലം കുറഞ്ഞു. എന്നുമാത്രമല്ല ലോകം സഭയിൽ പ്രവേശിച്ചിട്ട് കാലം കുറെയായി. അതുകൊണ്ട് തന്നെ ലോകമനുഷ്യരെപ്പോലെ പരസ്പരം പോരാടുവാൻ യാതൊരു മടിയും ഇല്ലാത്ത നിലയിൽ ആയിരിക്കുന്നു സ്ഥിതി.

പരസ്പര വൈരാഗ്യം വർദ്ധിക്കുവാനും സഭയുടെ കെട്ടുറപ്പ് ഇല്ലാതാക്കുവാനും മാത്രമേ കോടതി വ്യവഹാരംകൊണ്ട് സാധിച്ചിട്ടുള്ളൂ. ദൈവസഭയുടെ നേതൃത്വം എന്നത് ആത്മീയ ശുശ്രൂഷയാണ്. എന്നാൽ അതിനുവേണ്ടി മുടക്കുന്ന വൻതുകകൾ പൊതുജനങ്ങളിൽ സംശയം ജനിപ്പിക്കുകയാണ്. ഇരുപതും മുപ്പതും നാല്പതും ലക്ഷങ്ങൾ ഒരു എക്സിക്യൂട്ടീവ് സ്ഥാനാർത്ഥി മുടക്കുന്നു എന്നു കേൾക്കുമ്പോൾ തന്നെ സാധാരണക്കാരിൽ സംശയം ഉളവാകുന്നു. സഭയെയും ദൈവജനത്തെയും സേവിക്കുവാൻ ഇത്രയധികം പണം വെറുതെ മുടക്കും എന്ന് കരുതാനാകില്ല. അപ്പോൾ ഈ മുടക്കുമുതലിന് പിന്നിൽ വ്യക്തമായ താല്പര്യങ്ങൾ ഉണ്ടാകും. ഐ. പി. സി. പോലെയുള്ള പ്രസ്ഥാനത്തിൽ കഴിവും പ്രാപ്തിയും ഉണ്ടായിട്ട് കാര്യമില്ല എന്നായിരിക്കുന്നു സ്ഥിതി. കൈയിൽ പത്ത് ചക്രം ഇല്ലാത്തവന് മത്സരരംഗത്തേക്ക് തിരിഞ്ഞുനോക്കുവാൻ പോലും കഴിയില്ല. ആദർശം പ്രസംഗിക്കുന്ന പലരും സ്ഥാനാർത്ഥികളുടെ കൈയിൽ നിന്ന് കണക്ക് പറഞ്ഞ് പതിനായിരങ്ങളാണ് വാങ്ങുന്നത്. യാതൊരു സങ്കോചവും അവർക്ക് ഈ കാര്യത്തിൽ ഇല്ല. അതുമാത്രമല്ല പല സ്ഥാനാർത്ഥികളുടെ കൈയിൽ നിന്നും ഇതേ നിലയ്ക്ക് അക്കൂട്ടർ മേടിക്കുന്നത് ലക്ഷങ്ങളാണ്. സെന്ററിലെ വോട്ടുകൾ ഒന്നടങ്കം വിൽക്കുന്ന സെന്റർ പാസ്റ്റർമാരും ഹെബ്രോനിൽ തമ്പടിച്ച് വോട്ടിന്റെ ഏജന്റുമാരായി പ്രവർത്തിക്കുന്ന ആത്മീയ കച്ചവടക്കാരും സഭയെ മറ്റൊരു സംസ്കാരത്തിലേക്ക് നയിച്ചു. ഇത്തരം ജീർണ്ണതകളാണ് കോടതി വ്യവഹാരത്തിലേക്ക് നയിക്കുന്നത്. കാരണം പണം മുടക്കുന്നവന് വ്യക്തമായ ലക്ഷ്യമുണ്ട്. അത് സാധ്യമാകാതെ വരുമ്പോൾ നിയമത്തിന്റെ മറവിൽ കാര്യം നേടുവാൻ ശ്രമിക്കുകയാണ്. അവിടെയും പണം തന്നെയാണ് ആവശ്യം. ലക്ഷങ്ങൾ മുടക്കി വ്യവഹാരം നടത്തുന്നവർ ആരുടെ നാമത്തെ ഉയർത്തുകയാണെന്ന് മാത്രം സംശയിച്ചാൽ എങ്ങനെ തെറ്റുപറയും.

ഇതിനെക്കാളെല്ലാം അസഹനീയം ഇക്കൂട്ടരുടെ സ്റ്റേജ് പെർഫോമൻസ് ആണ്. സ്റ്റേജ് ഇളക്കി മറിച്ച് ആത്മാവിനെ ഇറക്കി ഇക്കൂട്ടർ നടത്തുന്ന പേക്കൂത്തുകൾ തികച്ചും അസഹനീയം തന്നെയാണ്. അതു മാത്രമല്ല ദൈവം എന്നെ ഈ സ്ഥാനത്തേക്ക് കൊണ്ടുവന്നു എന്നുകൂടി പറയുമ്പോൾ നമ്മൾ ക്ഷമയുടെ നെല്ലിപലക കണ്ടിരിക്കും.

ചർച്ച് ഓഫ് ഗോഡിൽ നടക്കുന്നതും എത്രയോ ഹീനമാണ്. അധികാര കസേരയിൽനിന്ന് ജനം തള്ളിക്കളഞ്ഞിട്ടും കോടതിയുടെ മറവിൽ അധികാരം നിലനിർത്തുവാൻ യത്നിക്കുന്ന നേതാവിന്റെ ശ്രമങ്ങൾ കാണുമ്പോൾ പുച്ഛം മാത്രമാണ് തോന്നുന്നത്. ലക്ഷക്കണക്കിന് രൂപ അഭിഭാഷകർക്കും കോടതി ആവശ്യത്തിനായി ചെലവഴിക്കുന്നവർ മറക്കുന്ന ചില മുന്നറിയിപ്പുകൾ ഉണ്ട്. സഭാനിയമം അനുസരിച്ച് നടക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തെ അംഗീകരിക്കുകയും അവർക്ക് പിന്തുണ നൽകി ശുശ്രൂഷയിൽ സഹകരിക്കുകയുമാണ് ക്രിസ്തീയ മാന്യത. പ്രതിപക്ഷവും ഭരണപക്ഷവും നമുക്കില്ല. പരസ്പര സഹകരണമാണ് ആവശ്യം. തെരഞ്ഞെടുപ്പിന് പണം നൽകില്ലെന്ന് സ്ഥാനാർത്ഥികൾ തീരുമാനിക്കണം. വോട്ട് ചെയ്യേണ്ടത് ശുശ്രൂഷകരുടെ കടമയാണ്. അതിന് പണം നൽകേണ്ട ആവശ്യമില്ല. മാത്രമല്ല കോടതി വ്യവഹാരം കൊണ്ട് സഭയിൽ ഒന്നും നേടുവാൻ കഴിയുകയുമില്ല.

---

## യുവജന പംക്തി

# വഴി തെറ്റുന്ന ദർശനങ്ങൾ

ഭാഗം 2



**ബിനു വടശ്ശേരിക്കര**

ഏതൊരു കാര്യത്തിന്റെ ആരംഭത്തെക്കാൾ പ്രധാനം അവസാനം ആണ്. പലരും നന്നായി തുടങ്ങുമെങ്കിലും അവസാനം നിരാശജനകമായിരിക്കും. ദൈവീകവേലയിൽ കാഴ്ചപ്പാടിലും ദർശനത്തിലും ഉള്ള വ്യതിയാനങ്ങൾ വളരെ ചർച്ച ചെയ്യപ്പെടുന്ന ഒരു കാലഘട്ടമാണിത്. സഭയുടെയും പ്രസ്ഥാനങ്ങളുടെയും നേതൃത്വനിരയിൽ ഉണ്ടാകുന്ന ദർശന വ്യതിയാനം വിശ്വാസികളെയും അണികളെയും നന്നായി ബാധിക്കും. നേതൃത്വത്തിന്റെ ദർശനത്തിലും കാഴ്ചപ്പാടിലും ഉണ്ടാക്കുന്ന മാറ്റങ്ങൾ മനസ്സിലാക്കാൻ പലരും വൈകി പോകും. പലരുടെയും കാഴ്ചപ്പാടിലെ വ്യതിയാനം സ്വയം തിരിച്ചറിയാൻ വൈകും.

**വഴികാട്ടികൾക്ക് ദിശാബോധം നഷ്ടമായാൽ**

വഴികാട്ടേണ്ടവർക്ക് വഴിതെറ്റിയാലോ അണികളും അവതാളത്തിൽ ആകും. ആദിമസഭയിലും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. പരിശുദ്ധാത്മാവിനെ വിലയ്ക്ക് വാങ്ങാൻ പണവും ആയി വന്നവരും അതിനൊരു ഉദാഹരണമാണ്. ദുരുപദേശങ്ങൾക്ക് പിന്നാലെ പോയ ഹുമനയോസും ഫിലേത്തോസും ഈ പട്ടികയിൽ വരുന്നവരാണ്. പൌലോസിന്റെ സഹപ്രവർത്തകരായ ദേമോസ് ലോകത്തെ സ്നേഹിച്ചു യാത്രയായി. അലക്സന്തരും ദോഷം ചെയ്തിട്ടു വിട്ടുപിരിഞ്ഞു. ഇത്തരത്തിലുള്ള പ്രവണതകൾ ഇന്നത്തെ മാത്രം ഒരു പ്രത്യേകതയല്ല. ഇന്നത്തെ സഭയിൽ ദേമാസുമാരുടെ എണ്ണം വർദ്ധിച്ചു വരികയാണ്. -അതായത് ലോകത്തെ സ്നേഹിച്ചു ദൈവത്തെ വിട്ടുപോകുന്നവർ- യൂദയുടെ ലേഖനം ഇത്തരം പ്രവണതകളെ എതിർക്കുന്നു. കഴിഞ്ഞ തലമുറയിലെ ഒരു സംഭവം-വൈദ്യുതി ഇല്ലാത്ത ഒരു കാലം. രാത്രി പ്രാർത്ഥന കഴിഞ്ഞ് യാത്രയായവരെ വഴി കാട്ടാൻ പോയതാണ് വല്യപ്പൻ. തുറന്ന് കിടക്കുന്ന, കെട്ടി മറയ്ക്കാത്ത ഒരു കിണറിന്റെ അടുത്ത് ഒരു റാന്തലുമായി നിന്ന് വിളിച്ചു പറഞ്ഞു: "കിണറുണ്ട്, മാറി പോകണം" വല്യപ്പൻ പറഞ്ഞത് കേട്ട് എല്ലാവരും ശ്രദ്ധയോടെ മടങ്ങി. എന്നാൽ റാന്തലുമായി പോയ വല്യപ്പനെ തിരക്കി മക്കൾ ഇറങ്ങിയപ്പോൾ കണ്ട കാഴ്ച ഞെട്ടിപ്പിക്കുന്നതായിരുന്നു; "റാന്തലുമായി വല്യപ്പൻ ദാണ്ട് കിണറ്റിൽ കിടക്കുന്നു". ഇന്നു പലരും ഇതുപോലെയാണ് പലരെയും വഴികാട്ടിയിട്ട് കുഴിയിൽ വീഴുന്നവർ. അടിസ്ഥാനങ്ങൾ മറിഞ്ഞു പോയാൽ നീതിമാൻ എന്തു ചെയ്യും.? എന്തും ചെയ്തേക്കാം.

**ദർശനത്തിലെ വ്യതിയാനം**

വ്യത്യസ്ത കാഴ്ചപ്പാടുകൾ എല്ലാവർക്കും ഉണ്ട്. ആത്മീക ജീവിതത്തിലും ശുശ്രൂഷയിലും വ്യത്യസ്ത ചിന്താഗതികൾ ഉണ്ട്. എന്നാൽ ദൈവീകമായ ശുശ്രൂഷയിൽ നിൽക്കുന്നവർ സ്വന്തം തത്വചിന്തകളെക്കാൾ ദൈവവചനത്തിനും ഹിതത്തിനും പ്രാധാന്യം നൽകണം. ദൈവീക വേലയിൽ ഉള്ള ഓരോ വ്യക്തികളെക്കുറിച്ചും ദൈവത്തിന് ഒരു പദ്ധതി ഉണ്ട്. ആ പദ്ധതി മനസിലാക്കി പോകുമ്പോഴാണ് യഥാർത്ഥ ജീവിതവിജയം സാധ്യമാകുന്നത്. അഗ്രിപ്പാ രാജസന്നിധിയിൽ നിന്ന് പൗലോസ് പറയുന്നു.."ദൈവീക ദർശനത്തിന് അനുസരണക്കേട് കാണിക്കാതെ" എന്ന് അഗ്രിപ്പാവിനോട് പറയുമ്പോൾ, "പൗലോസ് ദൈവീക ദർശനത്തിന് മുൻഗണന നൽകിയാണ് യാത്ര ചെയ്തത്. അതു അവസാനം വരെ നിലനിർത്തുവാനും താൻ ശ്രദ്ധിച്ചു. എന്നാൽ ഇപ്പോൾ പലരും ദർശനത്തിൽ നിന്ന് വ്യതിചലിച്ചു യാത്ര ചെയ്യുന്നത് ദുഃഖകരമായ സത്യമാണ്. പ്രത്യേകിച്ചും ദൈവീകശുശ്രൂഷയിൽ ഉള്ളവർ. സുവിശേഷകർ എന്ന് അഭിമാനിക്കുന്ന പലരും ബിസിനസിലും മറ്റ് വരുമാന മാർഗ്ഗങ്ങളിലേക്കും തിരിയുന്നതും ദർശനത്തിന് വ്യതിയാനം തന്നെയാണ്.

---

# 01 പാസ്റ്റർ സി. സി. തോമസിന്...


IN THE COURT OF THE SUB JUDGE CHENGANNUR
C.M.A. No. 84/16 /2016
IA No. 280/16 2016
Petitioner :— Thomas T. George, aged 65 yrs. s/o Ummen George, Thengum Parampil House, Manjadi P.O, Tiruvalla Taluk. PTA.
Cr. Petitioner
1) Church of God (Full Gospel) In India rep. by its State Overseer, Head Quarters and Regd. Office - Zion Mount, Mulakkuzha P.O, Mulakkuzha - Chengannur
2) Pr. P.J. James aged 62, s/o Iotakim, ...

ടുപ്പിനെ നേരിട്ട് പുതിയ ഓവർസീയർമാർക്കുവേണ്ടി അധികാരം ഒഴിഞ്ഞുകൊടുത്തു. ആന്ധ്രയിലും തമിഴ്നാട്ടിലും ഓവർസീയർമാർ 66% വോട്ട് നേടി തൽസ്ഥാനം നിലനിർത്തി. പാസ്റ്റർ കെ. എം. തങ്കച്ചൻ, ജോസഫ് മാത്യു, ജോസഫ് റ്റി. സാം എന്നിവർ അധികാരം ഒഴിഞ്ഞു, പുതിയ ഓവർസീയർമാർക്ക് ചുമതല നൽകി. സ്റ്റേറ്റ് കൗൺസിലിന്റെയും ശുശ്രൂഷകന്മാരുടെയും പിന്തുണ ലഭിച്ച പാസ്റ്റർ സി. സി. തോമസിന് ചുമതല കൈമാറാത്തത് ഭരണസ്തംഭനം ഉണ്ടാക്കിയിരിക്കുകയാണ്.

ബഹു. കോടതി മുളക്കുഴയിൽ നടന്ന തെരഞ്ഞെടുപ്പ് അസാധുവാക്കുകയോ വോട്ടെണ്ണലോ ഫലംപ്രഖ്യാപനമോ തടയുകയോ ചെയ്തിട്ടില്ല. പാസ്റ്റർ സി. സി. തോമസിന്റെ വിജയം റദ്ദാക്കിയിട്ടില്ല. ഫലപ്രഖ്യാപനത്തിനുശേഷം വേൾഡ് മിഷന്റെ ഉത്തരവ് ലഭിച്ച പാസ്റ്റർ സി. സി. തോമസാണ് ചർച്ച് ഓഫ് ഗോഡ് ഓവർസീയർ. എന്നാൽ ചുമതല കൈമാറുന്നതിൽ നിന്നും പി. ജെ. ജെയിംസിനെയാണ് വിലക്കിയിരിക്കുന്നത്. സഭയ്ക്കുവേണ്ടി അഭിഭാഷകൻ ഹാജരാകാതിരുന്നാണ് താല്കാലിക വിധി ഉണ്ടാകാൻ കാരണം. ഈ വിധി അന്തിമമല്ല, താല്കാലികവും എതിർഭാഗത്തിന്റെ വാദം കേൾക്കുന്നവരെ മാത്രം നിലനിൽക്കുന്നതുമാണ്. മേൽകോടതിയിൽ ഈ വിധി ചോദ്യം ചെയ്യാവുന്നതാണ്. 2012-ൽ നിയമലംഘനത്തിലൂടെ അധികാരത്തിൽ എത്തി, കൗൺസിലിന്റെ വിശ്വാസവോട്ട് നേടാതെ രണ്ടാം ടേം തുടരുകയും ചെയ്തശേഷം വീണ്ടും കസേര വിടാതെ ഇരിക്കുന്ന നിയമലംഘനം ദൈവസഭയുടെ ചരിത്രത്തിൽ സംഭവിച്ചിട്ടില്ലാത്തതാണ്. മുൻ ഓവർസീയർമാർ എല്ലാം മാതൃകാപരമായി സ്ഥാനം ഒഴിഞ്ഞവരാണ്. ഓഗസ്റ്റ് 31ന് ശേഷം ഓവർസീയറായി തുടരാൻ 4 വർഷം പൂർത്തിയാക്കിയ പി. ജെ. ജെയിംസിന് അധികാരമില്ല. റൂൾ 6 ഭേദഗതി അനുസരിച്ച് 66% വോട്ട് നേടിയാൽ മാത്രമേ തുടരാൻ കഴിയൂ. സഭയുടെ പോളിസി അനുസരിച്ചും ധാർമ്മികമായും ഈ സ്ഥാനത്ത് തുടരാൻ പി. ജെ. ജെയിംസിന് അവകാശമില്ല. ഈ നടപടി ദൈവസഭയിൽ ഭരണസ്തംഭനം ഉണ്ടാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പി. ജെ. ജെയിംസിനെ വേൾഡ് മിഷൻ പുറത്താക്കണമെന്ന് ശുശ്രൂഷകന്മാർ ആവശ്യപ്പെട്ടു. ഇതേസമയം തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ സി. സി. തോമസിനെ വേൾഡ് മിഷൻ ഓവർസീയറായി പ്രഖ്യാപിച്ചു.

### എനിക്കും പറയാനുണ്ട്

# അധികാര കൊതി മൂത്ത പാസ്റ്റർ പി. ജെ. ജെയിംസ് താങ്കളെ ഓർത്ത് ദൈവസഭ ലജ്ജിക്കുന്നു



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

പാസ്റ്റർ സി. സി. തോമസ് കേരളാ സ്റ്റേറ്റ് ഓവർസീയറായി തെരഞ്ഞെടുക്കപ്പെട്ടു. പുതിയ സ്ഥാനലബ്ദിയിൽ ബിലീവേഴ്സ് ജേണലിന്റെ ആശംസകൾ. തികച്ചും അർഹതയ്ക്കുള്ള അംഗീകാരമായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. പാസ്റ്റർ സി. സി. തോമസ് എനിക്ക് ജ്യേഷ്ഠ തുല്യനായ ദൈവദാസനാണ്. അദ്ദേഹത്തെ ഞാൻ ബഹുമാനിക്കുന്നതിന്റെ പ്രധാനകാരണങ്ങളിൽ ഒന്ന് തലക്കനം ഇല്ലാതെ ദൈവദാസന്മാരോട് ഇടപെടുന്നു എന്നതാണ്.

എന്നാൽ ദുഃഖകരമായ സംഭവങ്ങളാണ് മുളക്കുഴയിൽ അരങ്ങേറിയതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതും. പ്രിഫറൻസ് ബാലറ്റ് നടത്താതിരിക്കുവാനും അധികാരത്തിൽ തുടരുവാനുമുള്ള എല്ലാ കളികളും പാസ്റ്റർ പി. ജെ. ജെയിംസ് നടത്തിവരികയായിരുന്നു. ജൂൺ 14-ന് പ്രിഫറൻസ് ബാലറ്റ് നടത്തുവാനുള്ള വേൾഡ് മിഷന്റെ തീരുമാനത്തെ അട്ടിമറിക്കുവാൻ തരംതാണ കളികളാണ് പി. ജെ. ജെയിംസ് ക്യാമ്പ് നടത്തിയത്. എന്നാൽ എതിർപ്പുകളെയെല്ലാം അതിജീവിച്ച് സൂപ്രണ്ട് റവ. കെൻ ആൻഡേഴ്സൻ മുളക്കുഴയിൽ എത്തി. തങ്ങളുടെ തന്ത്രങ്ങൾ വിലപ്പോകില്ല എന്ന് തിരിച്ചറിഞ്ഞ് പി. ജെ. ജെയിംസ് ക്യാമ്പ് ലോക മനുഷ്യർ ചെയ്യുവാൻ അറയ്ക്കുന്ന നിലയിൽ സ്വന്തം പ്രസ്ഥാനത്തിലെ സൂപ്രണ്ടിനെ അറസ്റ്റ് ചെയ്യിക്കുവാൻ നീക്കം നടത്തി. അങ്ങനെ പാസ്റ്റേഴ്സ് പ്രിഫറൻസ് ബാലറ്റ് തടസ്സപ്പെട്ടപ്പോൾ അടുത്ത പടിയായി കൗൺസിൽ പ്രിഫറൻസ് വേൾഡ് മിഷൻ നടത്തി. 15 അംഗ കൗൺസിലിൽ 10 പേർ പാസ്റ്റർ സി. സി. തോമസിനെ പിന്തുണച്ചു. 5 പേർ ആരെയും പിന്തുണച്ചില്ല. കൗൺസിലിലെ മൂന്നിൽ രണ്ട് ഭൂരിപക്ഷം പി. ജെ. ജെയിംസ് ക്യാമ്പിന് ആഘാതമായി. തങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സാധിക്കുകയില്ലെന്ന് തിരിച്ചറിഞ്ഞ് പി. ജെ. ജെയിംസ് ക്യാമ്പ് പുതിയ തന്ത്രവുമായി രംഗത്തിറങ്ങി. അതുവരെയും പ്രിഫറൻസ് ബാലറ്റിനെതിരെ നിന്നവർ പ്രിഫറൻസ് ബാലറ്റ് എന്ന ആവശ്യമായി ഒപ്പു ശേഖരണം നടത്തി വേൾഡ് മിഷനെ സമീപിച്ചു. പാസ്റ്റേഴ്സ് പ്രിഫറൻസ് എന്നതിനെ പാസ്റ്റർ സി. സി. തോമസ് എന്നും അനുകൂലിച്ചിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായം കൂടി അംഗീകരിച്ച് ആഗസ്റ്റ് 23ന് പ്രിഫറൻസ് ബാലറ്റ് ക്രമീകരിച്ചു. അതിനെ തടയുവാൻ പല തന്ത്രങ്ങളാണ് പി. ജെ. ജെയിംസ് ക്യാമ്പ് നടത്തിയത്. പാസ്റ്റർ സി. സി. തോമസിനെതിരെ ധാരാളം ഊമകത്തുകൾ പുറത്തിറങ്ങി. ഓവർസീയർ മുതൽ താഴോട്ടുള്ള അധികാരകേന്ദ്രങ്ങളെല്ലാം തന്നെ നഗ്നമായ ഇടപെടലാണ് പാസ്റ്റർ സി. സി. തോമസിനെ പരാജയപ്പെടുത്തുവാൻ വേണ്ടി നടത്തിയത്. ദൈവസഭയുടെ ഭേദഗതി വരുത്തിയ നിയമം 6 അനുസരിച്ച് എല്ലാ പഴുതുകളും അടച്ചാണ് പ്രിഫറൻസ് ബാലറ്റ് നടത്തപ്പെട്ടത്. ആർക്കും പരാതിക്കിടയില്ലാത്ത നിലയിൽ നടത്തിയ പ്രിഫറൻസ് ബാലറ്റിൽ വ്യക്തമായ ഭൂരിപക്ഷത്തോടെ പാസ്റ്റർ സി. സി. തോമസ് വിജയിച്ചു. വേൾഡ് മിഷൻ അദ്ദേഹത്തിന് നിയമന ഉത്തരവും നൽകി. ഓഗസ്റ്റ് 31-ന് പാസ്റ്റർ പി. ജെ. ജെയിംസിന്റെ കാലാവധി കഴിയുകയും സെപ്റ്റംബർ 1-ന് പുതിയ ഓവർസീയർ ചാർജ്ജെടുക്കുകയും ചെയ്യും എന്നാണ് എല്ലാവരും അറിഞ്ഞിരുന്നത്.

മുളക്കുഴ വിട്ടൊഴിയുവാൻ കഴിയാത്ത അധികാര മോഹിയായ പാസ്റ്റർ പി. ജെ. ജെയിംസ് പിന്നെയും തന്റെ അനുവർത്തികളെ ആയുധമാക്കി കോടതിയിൽ പോയി. 26-ന് കേസിനു പോയവരുടെ പരാതിയിന്മേൽ കോടതി അയച്ച നോട്ടീസ് വിദഗ്ദമായി ഒളിപ്പിച്ച് 30-ന് എക്സ് പാർട്ടി വിധി ഉണ്ടാകുവാൻ അവസരം ഒരുക്കി. എന്നിട്ട് 31-ാം തീയതിപോലും കോടതിയിൽ പോയി ഇതിനെ തടയുവാൻ അവസരം ലഭിക്കരുതെന്ന ഉദ്ദേശത്തോടെ ഒളിച്ചുവച്ചിരുന്ന കോടതി നോട്ടീസ് ഉച്ചയ്ക്ക് ശേഷം മാത്രം കൗൺസിൽ സെക്രട്ടറിയെ ഏൽപ്പിച്ചു. തികച്ചും ധാർഷ്ട്യത്തോടെ നിയമങ്ങളെയും കീഴ്വഴക്കങ്ങളെയും അട്ടിമറിച്ച് അധികാര കസേരയിൽ അള്ളിപ്പിടിച്ചിരിക്കുന്ന പി. ജെ. ജെയിംസിനെക്കുറിച്ച് ജേണൽ പറഞ്ഞതെല്ലാം സത്യമെന്ന് തെളിഞ്ഞിരിക്കുന്നു. അധമന്മാരെ കൂട്ടുപിടിച്ച് ഗുണ്ടായിസവും അഴിമതിയും വ്യാജവും നിറഞ്ഞ ഭരണം നടത്തിയ പാസ്റ്റർ പി. ജെ. ജെയിംസിന്റെ അധികാര കൊതി തെളിഞ്ഞിരിക്കുന്നു. ഒരു ആത്മീയനേതാവും ഇത്രത്തോളം തരംതാഴുവാൻ പാടില്ല.

ദൈവസഭയിലെ വിശ്വാസികളുടെ വോട്ടവകാശം എന്നതല്ല ഇപ്പോഴത്തെ യഥാർത്ഥ വിഷയം. പാസ്റ്റർ പി. ജെ. ജെയിംസിന്റെയും സ്റ്റേറ്റ് ബോർഡിലെ ഒരു പ്രധാനിയുടെയും വ്യക്തിവിരോധം പാസ്റ്റർ സി. സി. തോമസിനോട് തീർക്കുകയാണ്. മറ്റാരെ വേണമെങ്കിലും അംഗീകരിക്കാം. പാസ്റ്റർ സി. സി. തോമസിനെ മാത്രം അംഗീകരിക്കത്തില്ല എന്ന് ഇവർ പറയുമ്പോൾ അത് ധാർഷ്ട്യമാണ്. അതിന് മറുപടി ഇവിടുത്തെ ബഹുഭൂരിപക്ഷം ശുശ്രൂഷകരും വിശ്വാസികളും പറയും. ഇത്തരം ശകുനിമാരെ പിന്തുണയ്ക്കുന്ന ചില കൗൺസിൽ അംഗങ്ങളോടും വാസ്തവമറിയാതെ ചാവേർ ആകുവാൻ നടക്കുന്ന ആളുകളോടും ഒരു ചോദ്യം മാത്രം നിങ്ങളെ ഭരിക്കുന്നു എന്ന് നിങ്ങൾ അവകാശപ്പെടുന്ന പരിശുദ്ധാത്മാവിന്റെ അംശമെങ്കിലും നിങ്ങളിൽ ഉണ്ടെങ്കിൽ നിങ്ങളുടെ കൈകൾ നെഞ്ചിൽ ചേർത്ത് വെച്ച് ഒന്നു ചോദിക്കുക ഇതിൽ നീതിയും ന്യായവും ഏതു പക്ഷത്താണ്. മുൻവിധി കൂടാതെ സത്യത്തിനും നീതിക്കും വേണ്ടി നിൽക്കുക. അന്ധമായി ആരെയും അനുകരിക്കാതെ സത്യത്തോടൊപ്പം നിൽക്കുക. സുവിശേഷത്തിന്റെ മറവിൽ നമ്മെ ഭരിച്ച നേതാക്കന്മാരെല്ലാം കോടികളുടെ ഉടമകളായി. ഗുണ്ടായിസവും അഴിമതിയും ചർച്ച് ഓഫ് ഗോഡിൽ നിറഞ്ഞ് മലീമസമായിരിക്കുന്നു. വേണം നമുക്കൊരു മാറ്റം. വ്യക്തികൾ തരംതാഴാറുണ്ട്. പക്ഷെ ഒരു അഭ്യർത്ഥന ഒരിക്കലും പി. ജെ. ജെയിംസ് ആകരുത്.

### വേദ പഠനം

# ഇടയ ലേഖനങ്ങൾ (The Pastoral Epistles)

–തുടർച്ച–

**തിമൊഥെയൊസ് ലേഖനം**



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

എഫെസൊസ് സഭയിൽ കടന്നാക്രമണം നടത്തിയ വിവിധ ദുരുപദേശങ്ങളിൽ ഏറ്റവും പ്രധാനമായിരുന്നു ജ്ഞാനമതം. ആകർഷണീയമായും യുക്തിപരം എന്നു തോന്നത്തക്കവിധത്തിലുമായിരുന്നു അവയുടെ പ്രവേശനം, വസ്തുമായതെല്ലാം തിന്മയാണ്, അതുകൊണ്ട് ശരീരത്തേയും അതിന്റെ ആവശ്യങ്ങളെയും യഥേഷ്ടം നിറവേറ്റുവാനുള്ള വെമ്പൽ മറ്റൊരുവശത്ത് ഈ വിധത്തിലുള്ള വൈരുദ്ധ്യാത്മകമായ പഠിപ്പിക്കലായിരുന്നു ജ്ഞാനമതത്തിന്റേത്. ശരീരം തിന്മായതുകൊണ്ട് ശരീരപോഷണത്തിനുതകുന്ന ഭക്ഷണം വർജ്ജിക്കണം, വിവാഹം വിലക്കപ്പെട്ടതാണ്. ശാരീരിക നൈസർഗിക വാസനകൾ നിഷിദ്ധമാണ് തുടങ്ങിയ ഊന്നലുകൾ എഫെസൊസിലെ വിശ്വാസികളെയും അലട്ടി തുടങ്ങി കൂടാതെ ദുരുപദേശങ്ങൾ ഉണ്ടാകും എന്നു മുൻകൂട്ടിത്തന്നെ പരിശുദ്ധാത്മാവിനാൽ പ്രവചിക്കപ്പെട്ടിരുന്നതാണ് അ.പ്രവ.20:27–29.

സാത്താന്യ ശക്തികൾക്ക് കീഴ്പ്പെട്ടു ജീവിക്കുക സത്യവിശ്വാസം ത്യജിക്കുക, മനസാക്ഷി തഴമ്പിച്ച് ഭേദാഭേദങ്ങൾ തിരിച്ചറിയാതെ പോകുക തുടങ്ങിയവ ഭാവിക്കാലത്ത് ഉണ്ടാകും, നക്ഷത്രഫലം നോക്കുകയും ചില പ്രത്യേക സമയവും ദിവസവും നല്ലനേരമായി കണക്കാക്കി പ്രവർത്തിക്കുകയും ചെയ്യുന്നത് വിശ്വാസ ത്യാഗത്തിന്റെ ലക്ഷണമായി കണക്കാക്കാം. പ്രസ്തുത പഠിപ്പിക്കലിനു വ്യത്യസ്തമായ ഒരു അറിവും വിശ്വാസികൾ മുറുകെ പിടിക്കേണ്ടതുമായ ചിന്തകൾ എഴുത്തുക്കാരൻ ഇവിടെ നൽകുന്നുണ്ട്. ദൈവം സ്നേഹിച്ച ലോകം, ദൈവം സൃഷ്ടിച്ച ലോകം, ദൈവം തന്റെ സൃഷ്ടിക്കു അനുഭവിക്കുവാൻ നൽകിയ ലോകം ഇതെല്ലാം നല്ലത് എന്നു ദൈവം കണ്ടു, അക്കാരണത്താൽ വിശ്വാസികൾ ദൈവം നൽകിയിരിക്കുന്നവയെ സ്തോത്രത്തോടെ അനുഭവിക്കുക, ഭക്ഷണത്തിൻ മുമ്പേ സ്തോത്രം ചെയ്യുന്ന യഹൂദ ക്രിസ്തീയ പരിചയം ജീവിതത്തിൽ അനുഭവിക്കുന്ന എല്ലാ ദാനങ്ങൾക്കും പറയുന്ന സ്വഭാവം ഉണ്ടാകണം. ദൈവം നൽകിയിരിക്കുന്നവയെ സ്തോത്രത്തോടെ അനുഭവിക്കുക.



സ്തോത്രം എന്നാൽ എന്ത് സ്തോത്രം എന്നാൽ നന്ദി പറയുക എന്നാണർത്ഥം. അധികം സ്തോത്രം പറഞ്ഞാൽ താൻ തികഞ്ഞ ഭക്തനാണെന്നും ആത്മീകനെന്നും പറഞ്ഞില്ലായെങ്കിൽ ജഡികനെന്നും ആളുകൾ ചിന്തിക്കും. ചിലർ സ്തോത്രം എന്നു പറഞ്ഞു സൂത്രം എന്നും ശൂദ്രം എന്നു ആയി മാറുന്നു. സ്തോത്രം പറയുവാൻ കാരണങ്ങൾ ഉണ്ടായിരിക്കണം, അത് അർത്ഥവത്തായിരിക്കണം. തിരുവചനത്തിൽ ഇപ്രകാരം വായിക്കുന്നു, നീ ഭക്ഷിച്ചു തൃപ്തി പ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോവ നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ച് ദൈവത്തിനു സ്തോത്രം ചെയ്യേണം. ആവർത്തനം 8:10, നെഹ. 12:46 നമുക്കു ലഭിക്കുന്ന ദാനങ്ങളെ ഓർത്തു സ്തോത്രം ചെയ്യേണം, ഭക്ഷിപ്പാൻ ആഹാരവും ആരോഗ്യവും തന്നതിന് സ്തോത്രം പറയണം, 1തിമൊ: 4:4, 2തെസ്സ.1:3, 2 കൊരി. 4:15, സ്തോത്രഗീതം നിത്യതയിലും തുടരുന്നതാണ്. ഓരോ ദിവസവും ജീവിതത്തിൽ ലഭിക്കുന്ന നന്മകൾക്കു സ്തോത്രം പറവാൻ കാരണമാകണം, 1തെസ്സ.5:18, നെഹ:12:27 സ്തുതിയും സ്തോത്രവും ഒന്നിച്ചു പോകുന്ന ഇരട്ടകളാണ്, സ്തുതി ആരാധനയോടു ബന്ധപ്പെട്ടും സ്തോത്രം ലഭിച്ചതിന് നന്ദിപറയുന്നതുമാണ്. സ്തുതി സ്തോത്രങ്ങൾ ദൈവത്തിന് മഹത്വമേറുന്നതായിരിക്കണം, സങ്കീ:69:30–31. സ്തുതി സ്തോത്രവുമില്ലാതെ ആരാധന പൂർണ്ണമാകുകയില്ല, 1ദിന:16:7–8, എബ്രാ:13:15, സങ്കീ:116:17, 107:22. സ്തോത്രം യാഗമായിരിക്കണം, സങ്കീ:50:14, 92:1. നല്ല മനസ്സുള്ളവർ സ്തോത്രയാഗമർപ്പിക്കണം, 2 ദിന:29:31 എല്ലാറ്റിനും വേണ്ടി എപ്പോഴും സ്തോത്രം ചെയ്യേണം, എഫെ.5:20, സ്തോത്രത്തെപ്പറ്റി ധാരാളം വാക്യങ്ങൾ ബൈബിളിൽ നൽകിയിട്ടിട്ടുണ്ട്.

ദൈവം സൃഷ്ടിച്ച ലോകത്തിന്മേൽ ആധിപത്യം സ്ഥാപിച്ചു സകല ഭൂചരജന്തുക്കളുടെ മേലും വാഴുക എന്നതാണ് ദൈവത്തിന്റെ വ്യവസ്ഥ ഉല്പ.1: 28–30 ആ വചനത്താൽ ദൈവമക്കൾക്കുവേണ്ടി ലോകം വിശുദ്ധികരിക്കപ്പെട്ടിരിക്കുകയാണ്. വിശ്വാസികൾക്കു പ്രപഞ്ചത്തോടുള്ള മനോഭാവം എന്താണ്? ഈ ദിവസങ്ങളിൽ പരിസ്ഥിതി ഏറെ ചർച്ച ചെയ്തുകൊണ്ടിരുന്ന ഒരു വിഷയമാണ് ബൈബിളിന്റെ വെളിച്ചത്തിൽ, പ്രകൃതിയെ മനുഷ്യൻ ചൂഷണം ചെയ്യുന്നത് നിമിത്തം പ്രകൃതിയുടെ താളം തെറ്റുന്നു. മനുഷ്യൻ പാപം ചെയ്തതിനാൽ ഭൂമി ശാപഗ്രസ്ഥമായി തീർന്നു, കൂടാതെ അന്തരീക്ഷമലിനീകരണം, ജലമലിനീകരണം, വനനാശം, വന്യമൃഗനാശം, ജീവജന്തുക്കളുടെ ആവാസ കേന്ദ്രങ്ങളുടെ നാശം, കീടനാശിനികൾ തുടങ്ങിയവയെല്ലാം പരിസ്ഥിതിയെ വളരെ ദോഷമായി ബാധിച്ചിരിക്കുന്നതിന്റെ ഫലമായി തീരാരോഗങ്ങളും മാരക രോഗങ്ങളും പ്രകൃതി സമ്പത്തുകളുടെ നശീകരണം സംഭവിക്കുന്നു. പരിസ്ഥിതി സൂക്ഷിക്കുകയും പാലിക്കുകയും ചെയ്യുന്നതിലൂടെ ശുദ്ധമായ വായു, ശുദ്ധമായ ജലം, സമ്പൂർണ്ണ ആരോഗ്യം എന്നിവയാണ് എല്ലാവരും പ്രതീക്ഷിക്കുന്നത്. മനുഷ്യൻ പരിസ്ഥിതിയുടെ ഭാഗമാണ്.

Sermon Tips

Topic: A good minister

TEXT: 1 Tim:4:6

Here are some key elements of being a good minister of Jesus christ.

1. Walk Steadfastly
2. Stand uprightly
3. Run relentlessly
4. Love deeply
5. Obey willingly
6. Pray pointedly
7. Study carefully
8. Teach truthfully
9. Speak Softly
10. Preach boldly
11. Witness fervently
12. Give generously
13. Deal honestly
14. Work diligently
15. Correct gently
16. Decide wisely
17. Administer fairly
18. Advise Sparingly
19. Wait patiently
20. Serve Faithufully
21 Live Joyfully

പൗലോസ് ശ്ലീഹ നൽകുന്ന ഉപദേശം ലോകത്തെ വികൃതമാക്കുന്നവയോട് പോരാടുവാനും, വിശ്വാസികളുടെ വളർച്ചയ്ക്കു ഉതകും വിധം ദൈവഹിതപ്രകാരമുള്ള സാമൂഹ്യ

06

# ഉയരട്ടെ നമ്മുടെ യുവജനങ്ങൾ



ടോംസ് ആന്റണി
പരിശീലകൻ, പ്രഭാഷകൻ

യുവത്വം; ജീവിതത്തിന്റെ വസന്തകാലം. മനസ്സിൽ നവയുഗത്തിന്റെ സ്വപ്നങ്ങളും വപുസ്സിൽ കർമ്മോജ്ജ്വലതയും നിറഞ്ഞു തുളുമ്പുന്ന തേജോന്മയമായ കാലഘട്ടം. ഈ കാലഘട്ടത്തെ ശരിയായ രീതിയിൽ നിർമ്മാണാത്മകമാക്കുവാൻ കഴിഞ്ഞാൽ യുവത്വം അർത്ഥസമ്പൂർണ്ണമായി.

നിസംഗതയാണ് ഇന്നത്തെ യുവത്വം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി, ഒന്നിനോടും പ്രതിബദ്ധതയില്ലാതെ അലസമായും, ആസ്വദിച്ചും തള്ളിനീക്കുന്ന യുവത്വകാലഘട്ടമല്ല നമുക്ക് വേണ്ടത്. മറിച്ച് യുവത്വത്തെ ഫലപ്രദമായി സമൂഹത്തിനും രാജ്യത്തിനും പ്രയോജനപ്പെടുത്താൻ കഴിയണം.

ലോകത്തിൽ ഏറ്റവും കൂടുതൽ യുവജനങ്ങളുള്ള രാജ്യമായി നമ്മുടെ രാജ്യം മാറുകയാണ്. അതെ. 'ലോകത്തിന്റെ യൗവനം ഭാരതമാകണം'. മനസ്സിൽ യൗവനത്തിന്റെ തുടിപ്പ് നിലനിർത്തുകയും, ആ യൗവനത്തെ നാടിനും, രാജ്യത്തിനും വേണ്ടി ത്യജിക്കുകയും ചെയ്യുമ്പോൾ യുവത്വം ധന്യപൂർണ്ണമായി.

**ഭാരതീയയൗവനം ലോകത്തിന്റെ നെറുകയിൽ**

സാധാരണമായ കാര്യങ്ങൾ അസാധാരണമായി ചെയ്യുന്നവരാണ് മഹാത്മാക്കൾ. നമ്മുടെ യുവജനങ്ങൾ പ്രവൃത്തികൊണ്ടും ജീവിതം കൊണ്ടും, ആശയങ്ങൾകൊണ്ടും മഹത്വവത്ക്കരിക്കപ്പെടണം. ലോകത്തെ ദിശാബോധത്തോടെയും മൂല്യബോധത്തോടെയും നയിക്കുവാൻ നമ്മുടെ യുവജനങ്ങൾക്ക് കഴിയണം. മലാല യൂസഫ് സായിയെപ്പോലെ സുധീരം ലോകത്തെ സ്വാധീനിക്കാൻ കഴിയുന്നവരായി മാറണം. യു.എന്നിലും ഇതര ലോകോത്തരസംഘടനകളിലും പ്രവർത്തിച്ച് ലോകത്തിനു മാർഗ്ഗ ദർശികളായി വർത്തിച്ച് ഭാരതത്തിന്റെ അഭിമാനമായി മാറണം. യുദ്ധത്തിനും, ഭീകരതയ്ക്കും, ദാരിദ്ര്യത്തിനുമെതിരെ ശക്തമായി പോരാടി യുവത്വം സഫലമാക്കണം.

**രാഷ്ട്രീയരംഗവും യുവജനങ്ങൾ കൈയ്യടക്കണം**

നരച്ച നേതൃത്വമല്ല നമ്മുടെ നാടിന് ആവശ്യം. മറിച്ച് നാടിനെ ഗ്രസിക്കുന്ന സമസ്ത തിന്മകൾക്കുമെതിരെ ധാർമ്മീകരോഷം മനസ്സിൽ പേറി, അതിനെതിരെ പ്രവർത്തിക്കുകയും നാടിന്റെ നിർമ്മാണ പ്രക്രിയയിൽ സജീവമായി പങ്കാളികളാകുകയും ചെയ്യുന്ന യുവജന നേതൃത്വമാണ്. രാഷ്ട്രീയം എന്നത് രാഷ്ട്രത്തെ സംബന്ധിച്ചുള്ളതാണ്. രാഷ്ട്രീയത്തോടും, രാഷ്ട്രീയ പാർട്ടികളോടും നിസംഗതയല്ല യുവജനങ്ങൾ പുലർത്തേണ്ടത്. മറിച്ച് മലീമസമായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ രംഗത്ത് സജീവമായിക്കൊണ്ട് അവയെ സംശുദ്ധമാക്കുകയാണ്. രാഷ്ട്രീയ-ഭരണ നേതൃത്വരംഗത്തൊക്കെ യുവജനങ്ങൾ കടന്നു വരണം. അഴിമതിയും, സ്വജനപക്ഷപാതവും, ധാർഷ്ട്യവും, അക്രമരാഷ്ട്രീയവും, അധാർമ്മീകതയും തൂത്തെറിയണം. ധാർമ്മീകതയുടെയും നന്മയുടെയും കൊടി പാറിക്കുവാൻ യുവജനങ്ങൾക്ക് കഴിയണം.

**ശാസ്ത്രലോകം കീഴടക്കണം**

പഠിച്ച സ്കൂളിന് ബോംബുവയ്ക്കാനല്ല സയൻസ് പഠിക്കേണ്ടത്. കള്ളക്കണക്കെഴുതാനല്ല കണക്കും പഠിക്കേണ്ടത്. മറിച്ച് നമ്മുടെ അറിവുകൾ സമൂഹത്തിനും രാജ്യത്തിനും ഉപകാരപ്രദമാകണം. പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്ന ശാസ്ത്രജ്ഞൻമാരാകുവാനും, നിലവിലുള്ള കണ്ടുപിടുത്തങ്ങളെ പ്രയോജനപ്പെടുത്തി രാജ്യത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുവാനും യുവജനങ്ങൾക്ക് കഴിയണം. രാജ്യസ്നേഹമുള്ള, നവീന ആശയങ്ങൾ സ്വന്തമായുള്ള, പ്രതിഭയുള്ള ശാസ്ത്രജ്ഞന്മാരെയാണ് ഭാരതത്തിന് ആവശ്യം.

**സാഹിത്യവും സ്വായത്തമാക്കണം**

സാഹിത്യരംഗത്തേയ്ക്ക് ഉയർന്നു വരുന്ന യുവജനങ്ങൾ തുലോം കുറവാണ്. വായന ഇന്ന് മരിക്കുന്നു. വായനയുടെ ഉപാസകരാകുവാനും വായനയിലൂടെ മാനവീകതയുടെ ഉദാത്ത ദർശനങ്ങൾ സ്വായത്തമാക്കുവാനും യുവജനങ്ങൾക്ക് കഴിയണം. കഥ, കവിത, ലേഖനങ്ങൾ, ഇതരസാഹിത്യ രൂപങ്ങൾ എന്നിവയൊക്കെ യുവജനങ്ങളുടെ കൈപ്പിടിയിൽ ഒതുങ്ങണം. ഇവയിലൂടെ ധാർമ്മീക മൂല്യങ്ങളും ദിശാബോധവും പ്രസരിപ്പിക്കുവാൻ യുവജനങ്ങൾക്ക് കഴിയണം. രവീന്ദ്രനാഥ ടാഗോറിനെപ്പോലെയുള്ള വിശ്വസാഹിത്യ നായകനാകുവാൻ നമ്മുടെ യുവജനങ്ങൾക്കും കഴിയണം.

**പരിസ്ഥിതിയുടെ വക്താക്കളാകണം**

പ്രകൃതിയോട്, പരിസ്ഥിതിയോട് മത്സരിക്കുകയും, അവയെ നശിപ്പിക്കുകയും ചെയ്യുന്ന ഭീകരത ഇന്ന് നിലനിൽക്കുന്നു. ഇവിടെയാണ് പരിസ്ഥിതി സ്നേഹികളായ യുവനങ്ങളുടെ പ്രസക്തി. പ്രകൃതിയുടെ താളവും സ്പന്ദനങ്ങളും ഉൾക്കാമ്പിലേറ്റു വാങ്ങുന്ന യുവജനങ്ങൾ ഇന്ന് നമ്മുടെ രാജ്യത്തിന് അനിവാര്യമാണ്. പരിസ്ഥിതിയെ പുഷ്ടിപ്പെടുത്തുവാനും പരിസ്ഥിതിക്കു വിഘാതം സൃഷ്ടിക്കുന്ന സകല ശക്തികളെയും ചെറുത്തു തോല്പിക്കാനും യുവജനങ്ങൾക്കു കഴിയണം. കാവുകളും, നീർത്തടങ്ങളും സംരക്ഷിക്കാനും ജലസ്രോതസ്സുകൾ വിശുദ്ധിയോടെ നിലനിർത്താനും, യുവജനങ്ങൾ പ്രതിജ്ഞാബദ്ധരാകണം. വനസംരക്ഷണവും, മണ്ണിന്റെ സംരക്ഷണവും ജീവിതവ്രതമാക്കണം. മലിനീകരണത്തിനെതിരെ ശബ്ദമുയർത്തണം. പ്രകൃതിയുടെ താളം തെറ്റിക്കുന്ന എല്ലാ സംരംഭങ്ങൾക്കുമെതിരെ തീഷ്ണമായി പടപൊരുതണം. ആഗോളതാപനവും, കാലാവസ്ഥാ വ്യതിയാനവും നമ്മുടെ ജീവിതത്തിനുതന്നെ ഭീഷണി ഉയർത്തുമ്പോൾ യുവജനങ്ങൾക്ക് എങ്ങിനെ അടങ്ങിയിരിക്കാനാവും.....!

**വ്യവസായരംഗവും കീഴടക്കണം**

നൂതനമായ സംരംഭങ്ങൾക്കു തുടക്കം കുറിച്ചും യുവജനങ്ങൾക്ക് രാഷ്ട്രത്തെ പടുത്തുയർത്താം. ലോകത്തിലെ തന്നെ മികച്ച സംരംഭകരായി ഭാരതത്തിലെ യുവജനങ്ങൾ മാറണം. വിവരസാങ്കേതിക മേഖലയും യുവജനങ്ങൾ കീഴടക്കണം. തൊഴിലവസരങ്ങൾ സൃഷ്ടിച്ചും, അനേകർക്ക് തൊഴിൽ നൽകിയും യുവജനങ്ങൾ മുന്നേറട്ടെ. പുതിയ വ്യവസായ മേഖലകൾ ആരംഭിക്കുന്നതോടുകൂടി ഉപഭോക്തൃരാജ്യം എന്ന നിലയിൽ നിന്നും, ഉല്പാദനരാജ്യമായി നമ്മുടെ രാജ്യം മാറണം. വിവിധ രാജ്യങ്ങളിലേയ്ക്ക് നമ്മുടെ ഉല്പന്നങ്ങൾ കയറ്റിയയച്ച് വിദേശ നാണ്യം ആവുന്നത്ര നേടിയെടുക്കാൻ നാം പര്യാപ്തരാകണം.

**കാർഷികരംഗം സമ്പുഷ്ടമാക്കണം**

മണ്ണിന്റെ ഗന്ധവും, തനിമയുമായി യുവത്വം സാത്മീഭവിക്കണം. മണ്ണിനെ സ്നേഹിക്കുന്ന സംസ്കാരം വളർത്തിയെടുക്കണം. കാർഷികരംഗത്ത് വൻകുതിപ്പ് യുവജനങ്ങൾ കരഗതമാക്കണം. തരിശുനിലങ്ങൾ പച്ചപ്പിന്റെ ഊഷര ഭൂമിയാക്കി മാറ്റണം. കാർഷിക ശാസ്ത്രജ്ഞൻമാരായും യുവജനങ്ങൾ പരിലസിക്കണം. പ്രകൃതിക്കും, പരിസ്ഥിതിക്കും ഇണങ്ങുന്ന കൃഷിരീതികളാണ് യുവജനങ്ങൾ സാംശീകരിക്കേണ്ടത്. നമ്മുക്കുവേണ്ട ഭക്ഷ്യവസ്തുക്കൾ നാം തന്നെ കൃഷിചെയ്ത് ഉത്പാദിപ്പിക്കുവാൻ കഴിയുന്ന തരത്തിൽ ഈ രംഗത്ത് ദിശാബോധത്തോടെ മുന്നേറുവാൻ കഴിയണം.

**അറിവിന്റെ നിറവായി....**

അതിരില്ലാത്ത അറിവിനെക്കുറിച്ച് അറിയുകയും അത് വിനിമയം ചെയ്യുകയും ചെയ്യുക എന്നത് ഓരോ യുവജനങ്ങളുടെയും ധർമ്മമാണ്. ആധുനിക മാധ്യമങ്ങളേയും എല്ലാവിധ വിദ്യാഭ്യാസ സംവിധാനങ്ങളേയും യുവജനങ്ങൾ ഇതിന ഉപയോഗപ്പെടുത്തണം. ചുറ്റുമുള്ള വയിൽ നിന്നും പഠിക്കണം. പഠിച്ച് സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള ഉന്നതരംഗങ്ങളിൽ എത്തിച്ചേർന്ന് നാടിന്റെ വികസനങ്ങളിൽ പങ്കാളിയാകണം. ഗവേഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും അറിവിന്റെ കൊടുമുടിയിൽ എത്തണം. പ്രഭാഷകരായും, പരിശീലകരായും വഴികാട്ടികളായും ഉയരണം. മഹാരഥനായിരുന്ന ഡോ. എ.പി.ജെ. അബ്ദുൾകലാമിനെ ഓർമ്മിക്കുന്നത് നന്ന്.

**ഊർജ്ജമേഖലയ്ക്ക് ഊർജ്ജം പകരുക**

ഊർജ്ജപ്രതിസന്ധിയിൽ ഉഴലുകയാണ് നമ്മുടെ നാട്. പാരമ്പര്യ- പാരമ്പര്യേതര ഊർജ്ജത്തെ സംരക്ഷിക്കാനും ഉത്പാദിപ്പിക്കുവാനും യുവത്വത്തിന് കഴിയേണ്ടതുണ്ട്. ഊർജ്ജത്തിന്റെ ഉപഭോഗ കാര്യത്തിൽ നമ്മുടെ രാജ്യം മൂന്നാം സ്ഥാനത്താണ്. പ്രത്യേകിച്ചും പെട്രോളിയം ഉല്പ്പന്നങ്ങളുടെ കാര്യത്തിൽ. ഓയിൽ ഇറക്കുമതി ചെയ്യുന്നതിൽ ഏഴാം സ്ഥാനത്തും. ഇങ്ങനെ പോയാൽ ഭയാനകമായ ഊർജ്ജപ്രതിസന്ധി നമ്മുടെ രാജ്യത്തുണ്ടാകും. പുതുക്കപ്പെടാറുള്ള ഊർജ്ജസ്രോതസ്സുകളിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുവാനുള്ള കൂടുതൽ സാങ്കേതികവിദ്യ നാം കരഗതമാക്കേണ്ടതുണ്ട്. അതുപോലെ ഊർജ്ജത്തെ നന്നായി സംരക്ഷിക്കുവാനും, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ താത്പര്യപൂർവ്വം വ്യാപരിക്കുവാനും യുവജനങ്ങൾക്ക് കഴിയണം.

**കലയുടെ ഉപാസകരാകുക**

കല എവിടെ ഹനിക്കപ്പെടുന്നുവോ അവിടെയാണ് കലഹം. പുരാതനകലകൾ, നവീനകലകൾ എന്നിവയുടെ ഉപാസകരാകുവാനും യുവജനങ്ങൾക്ക് കഴിയണം. കലയിലൂടെ നന്മയുടെ തൂമന്ദമൊഴുക്കുവാനും യുവജനങ്ങൾ പരിശ്രമിക്കണം. വിസ്മരിക്കപ്പെട്ടുപോകുന്ന പ്രാചീനകലകളെ പുത്തൻ തലമുറയ്ക്ക് പരിചയപ്പെടുത്തുവാനും കഴിയണം. കലകളിലൂടെ ധാർമ്മീക മൂല്യങ്ങളും, അറിവും ദിശാബോധവും പ്രചരിപ്പിക്കുവാൻ യുവത്വത്തിന് കഴിയണം.

**മതേതരത്വത്തിന്റെ വക്താക്കൾ**

ജാതി-മത-വർണ്ണ-വർഗ്ഗത്തിന്റെ പേരിൽ കലഹിക്കുന്ന നമ്മുടെ നാട്ടിൽ ഇതിന്റെ അതിർവരമ്പുകൾ പൊട്ടിച്ചെറിഞ്ഞ് മതേതരത്വത്തിന്റെ പുത്തൻ രശ്മികൾ നമ്മുടെ നാട്ടിൽ വിതറുവാൻ യുവത്വത്തിനു കഴിയണം. പുതിയ തലമുറയിലേയ്ക്ക് മതേതരത്വത്തിന്റെ പാഠങ്ങൾ പകർന്നേകണം. മതഭ്രാന്തും, ഭീകരവാദവും എല്ലാം നാടിനെ നശിപ്പിക്കുന്ന വലിയ വിപത്തുകളാണ്. അതിനെതിരെ ഒന്നിക്കാനും പടപൊരുതുവാനും യുവജനങ്ങൾക്ക് കഴിയണം. ജാതിയുടെയോ, മതത്തിന്റെയോ, വർണ്ണത്തിന്റെയോ, വർഗ്ഗത്തിന്റെയോ പേരിലുള്ള വിവേചനങ്ങൾ അവസാനിപ്പിക്കുവാൻ യുവജനങ്ങൾ മുൻകൈയെടുക്കണം. വർഗ്ഗീയതയെ പുൽകുന്ന എല്ലാ കൂട്ടുകെട്ടുകളിൽ നിന്നും സംഘടനകളിൽ നിന്നും അകന്നു നിൽക്കുവാൻ യുവത്വം സധൈര്യം തയ്യാറെടുക്കണം.

**മൂല്യങ്ങൾ പ്രസരിപ്പിക്കുക**

സത്യവും, ധർമ്മവും നീതിയും പ്രസരിപ്പിക്കുന്ന, നന്മയുടെ വക്താക്കളാകുവാൻ യുവജനങ്ങൾക്കു കഴിയണം. യുവതലമുറ നന്മയുടെ ഉപാസകരായി മാറണം. ധാർമ്മീക മൂല്യങ്ങൾ പ്രസരിക്കുന്ന ഒരു രാജ്യമാക്കി നമ്മുടെ നാടിനെ പടുത്തുയർത്താൻ നമ്മുടെ യുവജനങ്ങൾക്ക് കഴിയണം. എല്ലാവരും ഏകോദര സഹോദരങ്ങളെപ്പോലെ കഴിയുന്ന ഒരു രാജ്യം നമ്മുടെ സ്വപ്നങ്ങളിൽ എന്നും തെളിയണം.

നമുക്ക് നമ്മുടെ നാടിനെ പണിതുയർത്താം. ഒറ്റക്കെട്ടായി... ഒരുമനസ്സോടെ.....ജാഗ്രതയോടെ, മൂല്യങ്ങളുടെ അകമ്പടിയോടെ.........

# മഹാരാഷ്ട്രയിലെ ജയിൽപുള്ളികളിൽ ചിപ്പ് പതിക്കാൻ നീക്കം

● പ്രകാശ് പി. കോശി



മഹാരാഷ്ട്രയിലെ തടവുകാരിൽ RFID ചിപ്പ് (Radio Frequency Identification) പതിക്കാൻ നീക്കം നടത്തുന്നു. പരോളിൽ ഇറങ്ങുന്ന തടവുപുള്ളികൾ തിരികെ വരാതിരിക്കുന്നതും വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതുമാണ് സർക്കാരിനെ ഇങ്ങനെ ചിന്തിപ്പിക്കാൻ കാരണം.

പ്രമാദമായ പല്ലവി പൂരകായസ്ഥ വധകേസിലെ പ്രതി സജ്ജദ് മുഗൾ പരോളിലിറങ്ങി മുങ്ങിയതുമായി ബന്ധപ്പെട്ട് ബോംബെ ഹൈക്കോടതിയിൽ നിലിനിൽക്കുന്ന കേസിന്റെ ഹിയറിംങ്ങിൽ മഹാരാഷ്ട്ര സർക്കാരിന്റെ അഡ്വക്കേറ്റ് ജനറൽ റോഹിത് ദേവാണ് സർക്കാരിന്റെ പുതിയ ഉദ്യമത്തെപ്പറ്റി കോടതിയെ അറിയിച്ചത്.

RFID ചിപ്പുകൾ മനുഷ്യരിൽ പതിക്കുന്നതുകൊണ്ട് അപായം ഒന്നും ഇല്ലെന്ന് US FDA ന്യായീകരിക്കുന്നു. എന്നാൽ ഇത് ഒരാളുടെ സ്വകാര്യ ജീവിതത്തിലേക്കുള്ള കടന്നുകയറ്റം ആണെന്ന് മനുഷ്യാവകാശ പ്രവർത്തകർ പറയുന്നു.

2016 - ജൂലൈ വരെയുള്ള കണക്കുപ്രകാരം 679 തടവുപുള്ളികളാണ് പരോളിലിറങ്ങി മുങ്ങിയത്.

ഇന്ത്യയിൽ RFID ചിപ്പുകൾ വന്യമൃഗങ്ങളിലും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അപൂർവ്വ മൃഗങ്ങളിലുമാണ് പതിക്കുന്നത്.

വെളിപ്പാടു പുസ്തകത്തിലെ മുദ്ര ഏൽക്കുന്നതുമായി ബന്ധപ്പെട്ടതാണ് RFID ചിപ്പുകൾ എന്നതുകൊണ്ട് ക്രൈസ്തവ ലോകത്തിന് ഇത്തരം വാർത്തകൾ ജിജ്ഞാസ ഉണർത്തുന്നതാണ്. അതുപോലെ തന്നെ ശരീരത്തിൽ പതിക്കുന്ന ചിപ്പുകളെപ്പറ്റി ഒട്ടനവധി വ്യാജ വാർത്തകൾ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നു. 2016 ഡിസംബറോടുകൂടി യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ പിറക്കുന്ന എല്ലാ കുഞ്ഞുങ്ങളിലും ചിപ്പ് പതിക്കാൻ നീക്കം നടക്കുന്നു എന്ന വാർത്ത അടിസ്ഥാനരഹിതമാണ്.

ചില വർഷങ്ങൾക്ക് മുമ്പ് ഡൽഹി സർക്കാർ തിഹാർ ജയിൽ പുള്ളികളിൽ ചിപ്പ് പതിക്കാൻ നീക്കം നടത്തിയിരുന്നു. എന്നാൽ അവർ ആ ശ്രമം പിന്നീട് ഉപേക്ഷിച്ചു.

E-mail: beljourn@gmail.com
Please Visit Us: Website: www.beljourn.com

**തെരഞ്ഞെടുപ്പ് അവലോകനം**

# പ്രിഫറൻസ് ബാലറ്റും വോട്ടുകഥയും

● സ്വന്തം ലേഖകൻ

ഏറെ വാശിയേറിയ നിർണ്ണായക തെരഞ്ഞെടുപ്പാണ് ചർച്ച് ഓഫ് ഗോഡിൽ നടന്നത്. കെട്ടിപ്പൊക്കിയ പ്രചാരണ കോലാഹലങ്ങളെ കടപുഴക്കി, ക്രൂരമായ സ്വഭാവഹത്യയിലൂടെ എതിർസ്ഥാനാർത്ഥിയെ വേട്ടയാടിയ സമാനതകളില്ലാത്ത നുണപ്രചാരണങ്ങളെ ചവറ്റുകൊട്ടയിൽ തള്ളിയ തെരഞ്ഞെടുപ്പ് ഫലം. എളുപ്പത്തിൽ വിജയം സ്വപ്നം കണ്ട പി. സി. ചെറിയാന് ഏറ്റ തിരിച്ചടി അമ്പരപ്പിക്കുന്നതായിരുന്നു. നാല് വർഷത്തെ ദയനീയമായ ഭരണപരാജയത്തിന് ശുശ്രൂഷകർ വോട്ടിലൂടെ ചുട്ട മറുപടി നൽകി. വോട്ടിന് ഇത്രയും ശക്തിയുണ്ടെന്ന് ആരും കരുതിയിരുന്നില്ല. ശക്തമായ ഭരണവിരുദ്ധ തരംഗം അലയടിച്ച തെരഞ്ഞെടുപ്പിൽ ഇനി ഒരു ഭരണ തുടർച്ച ശുശ്രൂഷകന്മാർ ആഗ്രഹിച്ചില്ല. ശുശ്രൂഷകന്മാർ ബഹിഷ്കരിച്ച പി. ജെ. ജെയിംസിന്റെ നോമിനിയായി കളത്തിലിറങ്ങിയതാണ് പി. സി.യ്ക്ക് ഏറ്റവും വിനയായത്. കഴിഞ്ഞ 8 വർഷമായി ചർച്ച് ഓഫ് ഗോഡിൽ രൂപപ്പെടുന്ന കച്ചവട ലോബിയുടെ ചട്ടുകമായി തെരഞ്ഞെടുപ്പിനെ നേരിട്ടവരെ ശുശ്രൂഷകന്മാർ മൂലയിലേക്ക് ഒതുക്കി. സ്റ്റേറ്റ് ബോർഡിലെ ചിലർ പി. സി.യുടെ പ്രചാരണം ഏറ്റെടുത്തത് സി. സി. തോമസിന്റെ വിജയം എളുപ്പമാക്കി. ഹൈറേഞ്ചിനെ പൂർണ്ണമായി അവഗണിച്ചതും തെക്കൻ മേഖലയിലെ പ്രബലസമുദായത്തെ വംശീയമായി അധിക്ഷേപിച്ചതുമെല്ലാം ചർച്ചയായപ്പോൾ വോട്ട് സി. സി. തോമസിന്റെ പെട്ടിയിൽ വീണു. സഭകളിലെ പിളർപ്പ്, തുവയൂരിലെ അടി, മണർകാട് പ്രശ്നം, സ്ഥലം മാറ്റത്തിലെ സ്വജനപക്ഷപാതം, ഓവർസീയറുടെ ഏകാധിപത്യ പ്രവണതകളെല്ലാം ചർച്ചയായി. ജൂൺ 10ന് കോടതിയിൽ നടത്തിയ നാടകം, ഇലക്ഷൻ അട്ടിമറിക്കാൻ നടത്തിയ നീക്കം, ജൂൺ 14ന് സൂപ്രണ്ടിനെ അറസ്റ്റ് ചെയ്യിക്കാൻ നീക്കം നടത്തിയത് എല്ലാം തിരിച്ചടി ഉണ്ടാക്കി. ഫെബ്രുവരി 16-ന് ശുശ്രൂഷകന്മാർക്ക് നേരെ നടന്ന കയ്യേറ്റം ഈ തെരഞ്ഞെടുപ്പിനെ സ്വാധീനിച്ച പ്രധാന ഘടകമായിരുന്നു. ശുശ്രൂഷകന്മാർക്ക് വിലയില്ലാത്ത, കൗൺസിലിനെ നോക്കുകുത്തിയാക്കിയ നാല് വർഷം പ്രസ്ഥാനത്തിന് പൊതുലോകത്ത് നാണക്കേട് മാത്രം. ഓവർസീയറുടെ ഫ്യൂഡൽ മനസ് സാധാരണക്കാരെ തന്നിൽ നിന്നും അകറ്റി. സ്തുതിപാഠകരുടെ നടുവിൽ അപവാദങ്ങൾ കേട്ട് അഭിരമിച്ച ഓവർസീയർക്ക് കാൽചുവടിലെ മണ്ണ് ഒലിച്ചുപോകുന്നതും തന്റെ ഭാവി തുലാസിൽ തൂക്കപ്പെടുന്നതും മനസിലാക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ നാല് വർഷം എടുത്ത തീരുമാനങ്ങൾക്ക് ഒന്നും ശുശ്രൂഷകന്മാരുടെ പിന്തുണയില്ലായിരുന്നു. തെറ്റായ എല്ലാ തീരുമാനത്തിനു പിന്നിലും പി. സി.യുടെ പങ്കുണ്ടായിരുന്നു. കൗൺസിലിന്റെയും ശുശ്രൂഷകന്മാരുടെയും അനുവാദമില്ലാതെ മണർകാട് വിഷയം ഏറ്റെടുത്തത് പി. ജെ. ജെയിംസും ഗൂഢസംഘവുമായിരുന്നു. ഈ തീരുമാനത്തിന് കനത്ത തിരിച്ചടിയാണ് ഉണ്ടായത്.

സി. സി. തോമസിനെതിരെ നടത്തിയ നുണപ്രചാരണങ്ങൾ ജനം പുച്ഛിച്ചുതള്ളി. കഴിഞ്ഞ എട്ട് വർഷമായി വേട്ടയാടിയിട്ടും സി. സി. തോമസിന് കുപ്രചാരണങ്ങളെ സധൈര്യം നേരിടാൻ കഴിഞ്ഞു. നിറം പിടിപ്പിച്ച നുണകൾ സഭാജനങ്ങൾ തള്ളിക്കളഞ്ഞു. ഈ തെരഞ്ഞെടുപ്പ് ഫലം സ്റ്റേറ്റ് ബോർഡിന് നൽകുന്ന സന്ദേശം വ്യക്തമാണ്. പി. എ. വി. സാമിന്റെ കാലത്തും പി. ജെ. ജെയിംസിന്റെ കാലത്തും സഭയിൽ സംഘർഷം ഉണ്ടാക്കി സഭയെ പിളർത്തുകയും ഭരണസ്തംഭനം സൃഷ്ടിക്കുകയും ചെയ്തു. സ്റ്റേറ്റ് ബോർഡിനെ ശുശ്രൂഷകന്മാർ അവജ്ഞയോടെ കാണുന്നു എന്നതിന്റെ തെളിവാണ് ഈ ഫലം. ആത്മീയശുശ്രൂഷ, സുവിശേഷീകരണം, ഭരണപങ്കാളിത്തം ഇവയിൽ താല്പര്യമില്ലാതെ രാഷ്ട്രീയത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും ഭരണത്തെ തങ്ങളുടെ വ്യക്തി താല്പര്യങ്ങൾക്കായി ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്ന സംഘമായി അധഃപതിച്ചിരുന്നു. കുഞ്ഞപ്പി പാസ്റ്ററുടെ തോൽവി. ഇപ്പോൾ പി. ജെ. ജെയിംസിന്റെയും പി. സി. ചെറിയാന്റെയും തോൽവി എല്ലാം നൽകുന്ന സന്ദേശം ഇക്കൂട്ടർ സഭയ്ക്ക് ഒരു ബാധ്യതയായി മാറിയെന്നാണ്. 2014, 2016 വർഷങ്ങളിൽ സ്റ്റേറ്റ് ബോർഡ് കൗൺസിൽ ഇലക്ഷനിൽ അവതരിപ്പിച്ച പാനലിനെ ശുശ്രൂഷകന്മാർ പരാജയപ്പെടുത്തിയിരുന്നു. വിശ്വാസികളുടെ വോട്ടവകാശത്തിന് ശുശ്രൂഷകന്മാരുടെ ഇടയിൽ പിന്തുണയില്ല എന്ന സന്ദേശമാണ് ഈ തെരഞ്ഞെടുപ്പ് ഫലം നൽകുന്നത്. 2012-ലെ കൗൺസിൽ ഇലക്ഷനിൽ 595 വോട്ടു കിട്ടിയ പി. ജെ. ജെയിംസ് തെരഞ്ഞെടുപ്പിനെ നേരിടാൻ എന്തുകൊണ്ട് ഭയപ്പെട്ടു? സി. സി. തോമസിനെതിരെ മത്സരിക്കാൻ എന്തുകൊണ്ടു ധൈര്യം കാണിച്ചില്ല? ജനവികാരം തനിക്ക് എതിരാണെന്ന് തിരിച്ചറിഞ്ഞിരുന്നു എന്നതാണ് സത്യം. ഭാരതത്തിലെ ശുശ്രൂഷകന്മാരുടെ പിന്തുണ വേൾഡ് മിഷനും സൂപ്രണ്ടിനും ആണെന്നുള്ള സൂചനയാണ് ഇന്ത്യയിൽ നടന്ന തെരഞ്ഞെടുപ്പുകൾ നൽകുന്ന പാഠം.

കഴിഞ്ഞ 30 വർഷത്തെ സഭാപ്രവർത്തനത്തിനിടയിൽ ഒരിക്കൽ പോലും വിശ്വാസികളുടെ വോട്ടവകാശം എന്ന പ്രശ്നം ഉന്നയിക്കാതെ തന്റെ ഭരണകാലഘട്ടത്തിന്റെ അവസാനം ഇത് ഉന്നയിച്ചത് അധികാരത്തിൽ തുടരുക എന്ന ലക്ഷ്യത്തോടെ മാത്രമായിരുന്നു. ഇതിന്റെ കാപട്യവും ആത്മാർത്ഥതയില്ലായ്മയും ശുശ്രൂഷകന്മാർക്ക് മനസിലായി.

പി. സി. ചെറിയാന് നേതാക്കന്മാരുടെ വിപുലമായ പിന്തുണയാണ് ലഭിച്ചത്. പി. ജെ. ജെയിംസ്, ഈപ്പൻ ചെറിയാൻ, റ്റി. എം. മാമ്മച്ചൻ, തോമസ് എം. പുളിവേലിൽ, കെ. റ്റി. വർഗീസ്, പി. ജി. മാത്യൂസ്, ബാബു ചെറിയാൻ, ജി. അലക്സ്, റ്റി. എ. ജോർജ്, വത്സല ദാസ്, സജി ഏബ്രഹാം, എന്നിവരുടെ പിന്തുണയുണ്ടായിട്ടും തോൽവി സംഭവിച്ചു. കഴിഞ്ഞ കൗൺസിൽ തെരഞ്ഞെടുപ്പിൽ 453 വോട്ട് ലഭിച്ചിട്ട് പി. സി.ക്ക് നിലമെച്ചപ്പെടുത്താൻ കഴിഞ്ഞില്ല. കൗൺസിലിൽ ലഭിച്ച 441 വോട്ടിന്റെ പിന്തുണയിൽ അമിത അവകാശവാദം ഉന്നയിച്ച പുളിവേലി പുലിവാലു പിടിച്ചു. 424 വോട്ടുണ്ടായിരുന്ന മാമച്ചനും 340 വോട്ട് ഉണ്ടായിരുന്ന ബാബു ചെറിയാനും ഒക്കെ ആഞ്ഞുപിടിച്ചിട്ടും തോല്‌വിയുടെ ആഴം വർദ്ധിച്ചതേയുള്ളൂ. നിരന്തരം കൗൺസിലിൽ തോറ്റുകൊണ്ട് റിക്കാർഡ് ഇട്ട വത്സലദാസിന് തെക്കൻ മേഖലയിൽ സ്വാധീനം ഇല്ലെന്ന് ഒരിക്കൽ കൂടി തെളിഞ്ഞു.

ഊതിവീർപ്പിച്ച പ്രതിച്ഛായ, പ്രകടനപരമായ ആത്മീകത, കപട ജീവിതശൈലി, വ്യക്തി ജീവിതത്തിൽ പകർത്താതെ സ്റ്റേജിലെ പ്രകടനം, പൊങ്ങച്ച സംസ്കാരം എല്ലാം ഈ തെരഞ്ഞെടുപ്പിൽ വിചാരണ ചെയ്യപ്പെട്ടു. ശുശ്രൂഷകന്മാരുടെ സുരക്ഷ ഒരു ആശങ്കയായിരുന്നു. അവർ സി. സി. തോമസിൽ പ്രതീക്ഷ അർപ്പിച്ചു.

സി. സി.യുടെ വിജയം മാധ്യമങ്ങളുടെ വിജയമായിരുന്നു. 2011, 2013 വർഷങ്ങളിൽ ജേണൽ നടത്തിയ സർവ്വേയിൽ സി. സി.യ്ക്ക് മുൻതൂക്കം ലഭിച്ചിരുന്നു. നേതൃത്വത്തിന്റെ അഴിമതിയ്ക്കെതിരെ ശക്തമായ പൊതുബോധം രൂപപ്പെടുത്തുന്നതിലും ഭരണവിരുദ്ധവികാരം ഉയർത്തികൊണ്ടുവരുന്നതിലും മാധ്യമങ്ങൾ കഴിഞ്ഞ 4 വർഷങ്ങളായി നല്ല പങ്കാണ് വഹിച്ചത്. സി. സി.യ്ക്ക് എതിരെ ഉയർത്തികൊണ്ടു വന്ന നുണപ്രചാരണങ്ങളെ പ്രതിരോധിക്കാനും മാധ്യമങ്ങൾക്ക് കഴിഞ്ഞു. കാലികമായ പ്രശ്നങ്ങൾ ശുശ്രൂഷകന്മാരിൽ എത്തിക്കാനും പത്രങ്ങൾക്ക് കഴിഞ്ഞു. ശുശ്രൂഷകന്മാരെ ആക്രമിച്ചപ്പോൾ മാധ്യമങ്ങൾ ശുശ്രൂഷകന്മാരോടൊപ്പം ഉറച്ചു നിന്നു. ഇതിന്റെ പേരിൽ കഴിഞ്ഞ നാല് വർഷം മാധ്യമ പ്രവർത്തകരെ ക്രൂരമായി വേട്ടയാടി. മാധ്യമങ്ങൾ ഉയർത്തി പിടിച്ച നിലപാടുകൾക്ക് ലഭിച്ച അംഗീകാരമാണ് ഈ വിജയം. കഴിഞ്ഞ നാല് വർഷം മാധ്യമമേഖല സംഘർഷഭരിതമായിരുന്നു. നിർഭയമായ ആവിഷ്കാര സ്വാതന്ത്ര്യം ഹനിക്കപ്പെട്ടു. കഴിഞ്ഞ രണ്ട് കൗൺസിൽ ഇലക്ഷനിലും വിജയം കൈവരിക്കാൻ ഭരണ വിരുദ്ധ പാനലിന് കഴിഞ്ഞു. ആ ട്രെന്റിന്റെ തുടർച്ചയായിരുന്നു ഓവർസിയർ തെരഞ്ഞെടുപ്പിലെ ഫലം. ആ തരംഗം നിലനിർത്താൻ കഴിഞ്ഞത്, മാധ്യമ ജാഗ്രത കൊണ്ട് മാത്രമാണ്.

സി. സിയുടെ നിഷ്കളമായ പെരുമാറ്റം, ജാഢയില്ലാത്ത സമീപനം, ശുശ്രൂഷകന്മാരോടു സഹാനുഭൂതി, വ്യക്തിബന്ധങ്ങളിലെ ആത്മാർത്ഥത, പ്രാർത്ഥനാ ജീവിതം, വിമർശനങ്ങളെ പക്വതയോടെ നേരിട്ടത്, ഊർജ്ജസ്വലത, യുവത്വത്തിന്റെ പ്രസരിപ്പ്, യുവാക്കൾക്ക് പരിഗണന നല്കുന്നത്, പുതിയ പദ്ധതികൾ, തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ എല്ലാം അനുകൂല ഘടകങ്ങളായി. ത്രികോണമത്സരം ഒഴിവായിട്ടും പി. സി. ചെറിയാൻ ജയിക്കാൻ കഴിയാത്തത് ആഴത്തിൽ പരിശോധിക്കേണ്ടതാണ്. ചിട്ടയായ സ്ക്വാഡ്‌വർക്ക് മീഡിയ മാനേജ്മെന്റ്, പ്രവർത്തകരുടെ ഏകോപനം, വിശദീകരണ യോഗങ്ങൾ എല്ലാം കൂടി ഒത്തു ചേർന്നപ്പോൾ വിജയം പാരമ്യത്തിലെത്തി. ക്രിസ്തീയജീവിതം ഊതി വീർപ്പിച്ച ബലൂണല്ല; മറിച്ച് ലാളിത്യം, ആത്മാർത്ഥത, സത്യസന്ധത ഇവ നിറഞ്ഞതാണ്. പ്രകടനപരതയല്ല' സ്വഭാവികമാണ് എന്നുള്ളതാണ്. ചരിത്രത്തിൽ നിന്ന് പാഠം പഠിക്കുക അല്ലെങ്കിൽ ചരിത്രം ആവർത്തിക്കേണ്ടിവരും. പാഠം പഠിച്ചിട്ടില്ല എന്നതിന്റെ തെളിവാണ് വീണ്ടും കോടതി വരാന്തയിൽ നിരങ്ങുന്നത്. അതുകൊണ്ട് പതനം ഭയങ്കരമായിരിക്കും.

മുൻ ഭരണാധികാരികളുടെ വീഴ്ചകൾ തിരിച്ചറിഞ്ഞ് പാഠം ഉൾക്കൊണ്ട് ദൈവസഭയെ നയിക്കുവാൻ കഴിഞ്ഞാൽ പാസ്റ്റർ സി. സി. തോമസിന് ശോഭിക്കുവാൻ കഴിയും. പരാജയത്തിന്റെ നടുവിൽ പുനർവിചിന്തനത്തിന് തയ്യാറാകുകയും പുതിയ നേതൃത്വത്തിന് പിന്തുണ നൽകുകയും ചെയ്താൽ പാസ്റ്റർ പി. സി. ചെറിയാന് അവസരം ഇനിയും ശേഷിക്കുന്നു.

## 8-ാംമത് വാർഷിക കോൺഫറൻസ്

**ഡാളസ്:** അമേരിക്കയിൽ ഉള്ള യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പ് ഡാളസ് യൂണിറ്റ് 8-മത് വാർഷിക കോൺഫറൻസ് 2016 സെപ്റ്റംബർ 17 ശനി രാവിലെ 10 മുതൽ 3 ണി വരെ ഡാളസ് അംസബ്ലീസ് ഓഫ് ഗോഡ് സഭയിൽ വെച്ച് നടത്തപ്പെടുന്നു. സിസ്റ്റർ അന്നമ്മ വില്യംസ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ സിസ്റ്റർ കൊച്ചുമോൾ ജെയിംസ് മുഖ്യ സന്ദേശം നൽകും. സഹോദരിമാരായ മോളി തോമസ്, മോനി ഫിലിപ്പ് എന്നിവർ നേതൃത്വം നൽകും.

## ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ സ്റ്റേറ്റ് ക്യാമ്പ് തിരുവല്ലയിൽ

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 3-ാമത് സ്റ്റേറ്റ് ക്യാമ്പ് തിരുവല്ലാ മഞ്ഞാടി കൊമ്പാടിയിലുള്ള മാർത്തോമ്മാ ക്യമ്പ് സെന്ററിൽവെച്ച് സെപ്റ്റംബർ 15- 17 വരെ നടക്കും. 15-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 4 മണിക്ക് സ്റ്റേറ്റ് സെക്രട്ടറി പ്രൊഫ. ബ്ലസൻ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ റ്റി. എ. ജോർജ്ജ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ സി.സി. തോമസ്, പാസ്റ്റർ ബിനു പി ജോർജ്ജ്, ജോർജ്ജ് ചെറിയാൻ, ഡോ. സജി കെ.പി., ഡോ സുമ അജിത്ത്, പ്രൊഫ. എം.കെ. ശാമുവേൽ എന്നിവർ ക്ലാസ്സുകൾ നയിക്കും.

ഗാന പരിശീലനം, ഗെയിമുകൾ, കൗൺസിലിംഗ് ക്ലാസുകൾ, വേദപഠനം, ടാരി മീററിംഗ്, മിഷൻ ചലഞ്ച് എന്നിവ ക്യാമ്പിന്റെ പ്രത്യേകതകൾ ആയിരിക്കും. 13 വയസ്സു മുതൽ 17 വയസ്സുവരെയുള്ള കുട്ടികൾക്ക് ക്യാമ്പിൽ പങ്കെടുക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 കുട്ടികൾക്കുമാത്രമായി പ്രവേശനം പരിമതിപ്പെടുത്തിയിട്ടുണ്ട്. പാസ്റ്റർ സാബു പി. ചാണ്ടി, പാസ്റ്റർ സാലു വർഗ്ഗീസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകും.

## 'ആഷേറിന്റെ കഥകൾ' പ്രകാശനം ചെയ്തു






**തിരുവല്ല:** ക്രൈസ്തവലോകത്തെ യുവകഥാകൃത്തായ ആഷേർ മാത്യുവിന്റെ കഥാസമാഹാരം 'ആഷേറിന്റെ കഥകൾ' പ്രകാശനം ചെയ്തു. ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി. സി. തോമസ്, ഫിലെദൽഫിയ സഭാ ഡയറക്ടർ പാസ്റ്റർ വർഗീസ് ജേക്കബിനു നല്കി പ്രകാശനം നിർവ്വഹിച്ചു. ക്രൈസ്തവസാഹിത്യത്തിലും സർഗ്ഗസാഹിത്യരംഗത്തും വിപ്ലവകരമായ മാറ്റമാണ് ആഷേറിന്റെ കഥകൾ സൃഷ്ടിക്കുന്നതെന്ന് പാസ്റ്റർ സി. സി. തോമസ് പറഞ്ഞു. പാസ്റ്റർ തേജസ് ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സാംകുട്ടി മാത്യു ആമുഖപ്രഭാഷണം നിർവ്വഹിച്ചു. പാസ്റ്റർ ജെ. ജോസഫ് (ജ്യോതിമാർഗ്ഗം), പാസ്റ്റർ രാജൂ ആനിക്കാട് (ജാലകം), പാസ്റ്റർ ഷിബു കെ. മാത്യു (യുഗാന്ത്യ സന്ദേശം), പാസ്റ്റർ ജോൺ പി. തോമസ് വെണ്ണിക്കുളം (ക്രൈസ്തവ എഴുത്തുപുര), പാസ്റ്റർ കുര്യാക്കോസ് തളിയച്ചിറ, ഡോ. പീറ്റർ ജോയി, പാസ്റ്റർ ക്രിസ്റ്റഫർ റ്റി. രാജൂ തുടങ്ങിയവർ പ്രസംഗിച്ചു. ബ്രദർ ആഷേർ മാത്യു നന്ദി അറിയിച്ചു. ബിലീവേഴ്സ് ജേണൽ പബ്ലിക്കേഷൻ ആണ് പുസ്തകത്തിന്റെ പ്രസാധകർ.



## പാസ്റ്റർ വർഗീസ് ഉണ്ണൂണ്ണി ഐ. പി. സി. ഓസ്ട്രേലിയ റീജിയൻ വൈസ് പ്രസിഡന്റ്

**മെൽബൺ:** ഐ. പി. സി. ഓസ്ട്രേലിയ റീജിയൻ നാഷണൽ കമ്മിറ്റി യോഗം ചേർന്ന് വർഗീസ് ഉണ്ണൂണ്ണിയെ ഐ. പി. സി. ഓസ്ട്രേലിയ റീജിയന്റെ വൈസ് പ്രസിഡന്റ് ആയി തെരഞ്ഞെടുത്തു.

## ചോദ്യോത്തരവേദി

# പെന്തെക്കോസ്തു പിതാക്കന്മാർ ഇട്ട അതിര് മാറ്റണമോ?

*ചോദ്യം:* കഴിഞ്ഞ ലക്കത്തിലെ ചോദ്യോത്തരവേദിയിൽ, പെന്തെക്കോസ്തുകാർ പലരും വീണ്ടും ജനിക്കാതെ സ്നാനപ്പെട്ടവരാണെന്നും കർത്താവിന്റെ കല്പനകൾ അറിയാത്തവരാണെന്നുമുള്ള ധ്വനിയിൽ, 'പെന്തെക്കോസ്തു സഭകളുടെ ഉപദേശം നവീകരിക്കേണ്ടതുണ്ടോ' എന്നെഴുതി കണ്ടു. താങ്കൾ പുതിയ നിയമ കല്പനകൾ വേർതിരിച്ചെടുക്കുന്നതെങ്ങനെയെന്ന് അറിയാൻ താല്പര്യമുണ്ട്. വിശ്വാസികൾ അനുസരിക്കേണ്ട കല്പനകൾ ഏതൊക്കെയാണ്? പെന്തെക്കോസ്തു പിതാക്കന്മാർ ഇട്ട അതിര് മാറ്റണമെന്നാണോ താങ്കൾ പറയുന്നത്?

**– പാസ്റ്റർ ജോസ് എം. ജെ., ചർച്ച് ഓഫ് ഗോഡ്,**
**കുമ്പളാംപൊയ്ക പി. ഒ., പത്തനംതിട്ട. ഫോൺ: 9446754281**



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

*ഉത്തരം:* യേശുക്രിസ്തുവും ജൂതജനവും പഴയനിയമത്തിലെ 39 പുസ്തകങ്ങളിലൂടെ വെളിപ്പെട്ട ദൈവീകതയിൽ വിശ്വസിച്ചിരുന്നു (ലൂക്കോസ് 24:44). ആദിമ ക്രിസ്തീയ വിശ്വാസികൾ മുപ്പൊത്തൊമ്പതു പഴയനിയമ പുസ്തകങ്ങളുടെ കൂടെ അപ്പൊസ്തലിക അംഗീകാരമുള്ള എഴുത്തുകളെയും ദൈവവചനമായിട്ട് സ്വീകരിച്ചു **(1 തെസ്സ. 2:13; 1 കൊരി. 2:13).** ഞാനും ആദിമ ക്രിസ്ത്യാനികളെപ്പോലെ ഇതെല്ലാം വിശ്വസിക്കുന്നു.

ദൈവനിശ്വാസീയമായ, ദൈവവചനമായ അപ്പൊസ്തലിക എഴുത്തുകളിൽ (പുതിയനിയമ പുസ്തകങ്ങളിൽ) വിശ്വാസികൾക്കുള്ള പ്രബോധനങ്ങളിൽ പ്രധാനമായും നാലു ഘടകങ്ങൾ കാണാം. 1) അപ്പൊസ്തലിക അഭിപ്രായം 2) അപ്പൊസ്തലിക ഉപദേശം 3) അപ്പൊസ്തലിക കല്പന 4) പഴയനിയമ വ്യാഖ്യാനങ്ങൾ. അപ്പൊസ്തലിക അഭിപ്രായത്തിനേക്കാൾ പ്രാധാന്യം കൂടിയതാണ് അപ്പൊസ്തലിക ഉപദേശം, അതിനേക്കാൾ പ്രാധാന്യമേറിയതാണ് അപ്പൊസ്തലിക കല്പന. പഴയനിയമ വചനങ്ങളുടെ വ്യാഖ്യാനം യേശുവിനെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

1) അപ്പൊസ്തലിക അഭിപ്രായത്തിന്റെ ഉദാഹരണം: "കന്യകമാരെക്കുറിച്ച് എനിക്ക് **കർത്താവിന്റെ കല്പനയില്ല**; എങ്കിലും ....കർത്താവിന്റെ കരുണ ലഭിച്ചവർ എന്ന നിലയിൽ **ഞാൻ അഭിപ്രായം പറയുന്നു"** (1 കൊരി. 7:25).

2) അപ്പൊസ്തലിക ഉപദേശത്തിന്റെ ഉദാഹരണം: "വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് തന്റെ എല്ലാ നന്മയിലും ഓഹരി കൊടുക്കണം" (ഗലാത്യർ 6:6)

3) അപ്പൊസ്തലിക കല്പനയുടെ ഉദാഹരണം: "വിവാഹിതരോടോ ഞാനല്ല **കർത്താവു തന്നെ കല്പിക്കുന്നു:** ഭാര്യ ഭർത്താവിനെ വേർപിരിയരുത്; വേർപിരിയുന്നുവെങ്കിലോ വിവാഹം കൂടാതെ പാർക്കണം; അല്ലെങ്കിൽ ഭർത്താവിനോടു നിരപ്പു പ്രാപിക്കണം; ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കുകയുമരുത്" (1 കൊരി. 7:10).

4) പഴയനിയമ വ്യാഖ്യാനങ്ങളുടെ ഉദാഹരണം: വിശ്വാസത്താൽ ഹാബെൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം അർപ്പിച്ചു...വിശ്വാസത്താൽ സാറായും വാഗ്ദത്തം ചെയ്തവനെ വിശ്വസ്തൻ എന്നു കരുതിയതിനാൽ പ്രായം കഴിഞ്ഞിട്ടും പുത്രോൽപാദനത്തിന് ശക്തി പ്രാപിച്ചു" (എബ്രായർ 11:4-13).

**യേശുവിന്റെ കല്പനകൾ**

യേശു തന്റെ ശുശ്രൂഷാകാലത്ത് അരുളിചെയ്തു: "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ **എന്റെ കല്പനകൾ** അനുസരിക്കും....**എന്റെ കല്പനകൾ** സ്വീകരിച്ച് അനുസരിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേഹിക്കുന്നു; ഞാനും അവനെ സ്നേഹിച്ചു അവനു എന്നെത്തന്നെ വെളിപ്പെടുത്തും" (യോഹ. 14:21).

യേശു ഉയിർത്തെഴുന്നേറ്റ ശേഷം അരുളിച്ചെയ്തു: "....സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും **ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും** പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും **ശിഷ്യരാക്കിക്കൊൾവീൻ**; ഞാനോ ലോകവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു" (മത്തായി 28:18-20).

അപ്പൊസ്തലന്മാർ ആദിമ വിശ്വാസികൾക്ക് ഇപ്രകാരം എഴുതി: "ഞങ്ങൾ കർത്താവായ യേശുവിന്റെ ആജ്ഞയാൽ **എന്തെല്ലാം കല്പനകളെ തന്നു** എന്നു നിങ്ങൾ അറിയുന്നുവല്ലോ" (1 തെസ്സ. 4:2; 2 പത്രോ. 3:2).

**കല്പനകൾ**

1) ഭൂമിയിലുള്ള എല്ലാ മനുഷ്യരും മാനസാന്തരപ്പെടണമെന്നുള്ള കല്പന (അപ്പൊ. പ്രവർത്തികൾ 17:30)

2) യേശുവിനെ പ്രസംഗിക്കണമെന്നുള്ള കല്പന (അപ്പൊ. പ്ര.10:41)

3) വചനം പ്രസംഗിക്കുക; സമയത്തും അസമയത്തും ഒരുങ്ങി നിൽക്കുക (2 തിമൊ. 4:1,2)

4) രക്തവും ശ്വാസംമുട്ടി ചത്ത മൃഗങ്ങളുടെ മാംസവും ഭക്ഷിക്കരുതെന്നുള്ള കല്പന (അപ്പൊ. പ്ര. 15:29)

5) വ്യഭിചാരത്തിൽ നിന്നകന്നു നിൽക്കണമെന്നുള്ള കല്പന (അപ്പൊ. പ്രവ.21:25)

6) വിവാഹിതർക്കുള്ള കല്പന (1 കൊരി. 7:10)

7) സുവിശേഷ വേലക്കാർക്കുള്ള കല്പന (1 കൊരി. 9:14; 1 തിമൊ. 6:8-14)

8) ക്രിസ്തീയ ആരാധനയ്ക്കുള്ള കല്പന (1 കൊരി. 14:26-37)

9) അവിശ്വാസിയുമായി വിവാഹബന്ധം പാടില്ലെന്നുള്ള കല്പന (2 കൊരി. 6:14-17)

10) മക്കൾക്കും പിതാക്കന്മാർക്കും ഉള്ള കല്പന (എഫെസ്യർ 6:1-4)

11) നല്ല മനസാക്ഷി, ഹൃദയത്തിൽ നിന്നുള്ള സ്നേഹം, നിർവ്യാജ വിശ്വാസം സൂക്ഷിക്കുക (1 തിമൊ. 1:3-5)

12) ധനവാന്മാരായ വിശ്വാസികൾക്കുള്ള കല്പന (1 തിമൊ. 6:17)

13) അന്യോന്യം സ്നേഹിക്കുക (1 യോഹ. 3:21-24; 2 യോഹ. 5,6)

14) സഹോദരന്മാരെ വെറുക്കുന്നവൻ കള്ളനാകുന്നു (1 യോഹ. 4:20,21)

15)...

16)....

കർത്താവ് ഇപ്രകാരം അരുളിചെയ്തു: "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിക്കുന്നുവെങ്കിൽ, നിങ്ങൾ ഇച്ഛിക്കുന്നത് അപേക്ഷിക്കുവീൻ; അതു നിങ്ങൾക്ക് ലഭിക്കും (യോഹ.15:7)

"അവന്റെ **കല്പനകൾ** നാം പ്രമാണിച്ച് അവന് പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട് എന്ത് യാചിച്ചാലും അവനിൽ നിന്ന് നമുക്ക് ലഭിക്കും" (1 യോഹ. 3:22). "വീണ്ടും ജനിച്ചവൻ എന്നു പറയുകയും **കർത്താവിന്റെ കല്പനകൾ** പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളനാകുന്നു; സത്യം അവനിൽ ഇല്ല" (1 യോഹ. 2:4).

പെന്തെക്കോസ്തു പിതാക്കന്മാർ ഇട്ട വിശ്വാസപ്രമാണത്തിന്റെയും വ്യാഖ്യാനങ്ങളുടെയും അതിര് കടക്കരുതെന്ന് വാദിക്കുന്നവരോട് ഒരു വാക്ക്: പിതാക്കന്മാർക്ക് രോഗം വന്നപ്പോൾ അവർ പോയ നാട്ടുവൈദ്യശാലകളിലേക്ക് ഇന്നാരും പോകാറില്ല. പിതാക്കന്മാർ പഠിച്ച സർക്കാർ പ്രൈമറി സ്കൂളിൽ ഇന്നാരും പഠിക്കാറില്ല. അവർ കഴിച്ച നാടൻ ഭക്ഷണമൊന്നും ഇന്നാർക്കും വേണ്ട. അവർ ഉപയോഗിച്ച എണ്ണയോ കുഴമ്പോ ഇന്നാരും ദേഹത്തു തേക്കാറില്ല. അവർ ധരിച്ച വസ്ത്രധാരണ രീതി ഇന്നാരും അനുകരിക്കാറില്ല (നാടൻ അടിവസ്തവും ഒറ്റമുണ്ടും). എന്നാൽ വിശ്വാസ വ്യാഖ്യാനങ്ങളുടെ കാര്യം വരുമ്പോൾ അവരുടേതു തെറ്റാണെങ്കിലും ഞങ്ങൾക്കതുമതി എന്ന് ശഠിക്കുന്നത് ഒരു കാപട്യമല്ലേ? ദൈവവചനത്തേക്കാളും അപ്പൊസ്തല പാരമ്പര്യത്തെക്കാളുമധികം പ്രാധാന്യം വെറും 90 വർഷത്തെ പാരമ്പര്യത്തിന് കൊടുക്കുകയല്ലേ? ഞാൻ പിടിച്ച മുയലിന് മൂന്ന് കൊമ്പുണ്ടെന്ന് പറയുന്നതിന് തുല്യമല്ലേ?

ഈ ലക്കത്തിലെ ചോദ്യോത്തരവേദിയോട് വിയോജിക്കുന്നവർ, പത്രമോഫീസിലേക്ക് വിയോജനക്കുറിപ്പ് എഴുതി അറിയിക്കേണ്ടതാണ്. 'കാരണം വചനം ഇപ്രകാരം രേഖപ്പെടുത്തുന്നു: "നിങ്ങളിൽ ഉത്തമരായവർ ആരാണെന്നു വെളിപ്പെടേണ്ടതിന് നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടാകേണ്ടതാണ്" (1 കൊരി. 11:19). "ഇരുമ്പ് ഇരുമ്പിനു മൂർച്ച കൂട്ടുന്നു; അതുപോലെ മനുഷ്യൻ മനുഷ്യനു മൂർച്ച കൂട്ടുന്നു" (സദൃശ്യവാക്യങ്ങൾ 27:17).

**അടിക്കുറിപ്പ്:** 1) "മോശെ മുതൽ സകല പ്രവാചകന്മാരും **എല്ലാ തിരുവെഴുത്തുകളും** തന്നെക്കുറിച്ച് പറഞ്ഞിട്ടുള്ളവയൊക്കെയും യേശു അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു...മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതൊക്കെയും നിവൃത്തിയാകണം എന്നുള്ളതുതന്നെ" (ലൂക്കോസ് 24:27,44).

2) **"ഞങ്ങൾ പ്രസംഗിച്ച ദൈവവചനം** നിങ്ങൾ.....മനുഷ്യന്റെ വചനമായിട്ടല്ല, **യഥാർത്ഥ ദൈവവചനമായിട്ടുതന്നെ സ്വീകരിച്ചു"** (1 തെസ്സ.2:13).

## 08 എടിഎം തട്ടിപ്പുകൾ...

ഇന്റർഫെറൻസ് തുടങ്ങിയ കാര്യങ്ങളിലേക്കൊക്കെ എത്തിക്കുന്നു. ഏതൊരു ഇലക്ട്രോണിക് ഉപകരണവും അത്തരത്തിലുള്ള തരംഗങ്ങൾ പുറപ്പെടുവിക്കുന്നുണ്ട്. നമ്മൾ ലാന്റ് ഫോണിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അടുത്ത് ഒരു മൊബൈൽഫോണിൽ കോൾ വന്നാൽ കേൾക്കുന്ന ഒരു ഇരമ്പലൊക്കെ ഇലക്ട്രോ മാഗ്നറ്റിക് ഇന്റർഫെറൻസ് കൊണ്ടാണ്. ഒരു ഉപയോക്താവ് മെഷീനിലേക്ക് കാർഡ് ഇടുമ്പോൾ നേരത്തേ പറഞ്ഞ ഒരു ഇലക്ട്രോ മാഗ്നറ്റിക് ഇന്റർഫെറൻസ് ഉണ്ടാവുന്നുണ്ട്. അയാൾ തന്റെ പാസ്‌വേഡ് അടിച്ചുകൊടുക്കുമ്പോഴും ഇത് സംഭവിക്കുന്നു. അത് സ്കിമ്മർ വഴിയും ക്യാമറ വഴിയും ശേഖരിച്ചാണ് ഇത്തരത്തിൽ ബാങ്ക് നെറ്റ്‌വർക്കിലേക്കുള്ള കോഡ് മനസ്സിലാക്കി 400 പേരുടെ അക്കൗണ്ട് വിവരങ്ങൾ ചോർത്തി. തുടർന്ന് കോഡ് ഭാഷയിലുള്ള എൻക്രിപ്റ്റഡ് വിവരങ്ങൾ ബൾഗേറിയയിലേക്കു കൈമാറുകയായിരുന്നു. ഈ വിവരങ്ങൾ മനസ്സിലാവുന്ന ഭാഷയിലേക്ക് ഡിക്രിപ്റ്റ് ചെയ്തു മുംബൈയിലെ കണ്ണികൾക്കു നൽകുകയാണ് അടുത്തപടി. പിന്നീട് തിരിച്ചറിയൽ കാർഡ് നിർമിക്കാനെന്ന വ്യാജേന പ്ലാസ്റ്റിക് കാർഡുകൾ സംഘടിപ്പിച്ച് പിൻകോഡ് രേഖപ്പെടുത്തിയ മാഗ്നറ്റിക് റിബൺ ഒട്ടിക്കും. ഈ കാർഡുകൾ ഉപയോഗിച്ചാണ് പണം തട്ടിയെടുത്തതെന്നാണു കണ്ടെത്തൽ. ഏതൊരു സംവിധാനത്തിലേക്ക് മാറിയാലും അതിനു ബദൽ സംവിധാനവുമായി തട്ടിപ്പുകാർ രംഗത്ത് വരും. അപ്പോൾ പുതിയ സംവിധാനങ്ങൾ കണ്ടുപിടിക്കേണ്ടി വരും. അവസാനം അത് ചെന്നെത്തുക കർഡ് രഹിത, കറൻസി രഹിത സമൂഹത്തിലേക്കായിരിക്കും. എന്തിനും ഏതിനും ഫിംഗർ പ്രിന്റും, കണ്ണിന്റെ റെറ്റിനയും അടയളാമായി സ്വീകരിക്കുന്ന ഒരു കാലം. അതിനു വേണ്ടി മനുഷ്യൻ ചെയ്യേണ്ടത് വ്യക്തികളെക്കുറിച്ച് പൂർണ്ണ വിവരം അടങ്ങിയി ചിപ്പ് ധരിക്കുക. അപ്പോൾ എല്ലാ തട്ടിപ്പും അവസാനിക്കും അതാണ് വെളിപ്പാട് പുസ്തകം പറയുന്ന മൃഗത്തിന്റെ മുദ്ര.

## 03 വേദപഠനം...

ബന്ധങ്ങളും ഘടനകളും വളർത്തിയെടുക്കുന്നതിനും വിശ്വാസകൾക്കു കടപ്പാടും ഉത്തരവാദിത്വവുമുണ്ട്.

ഭക്ഷണകാര്യങ്ങളിൽ പൗലോസ് നൽകുന്ന ഉപദേശം യഹൂദന്മാർക്കു ദൈവം ചില പ്രമാണങ്ങൾ നൽകിയിരുന്നു ലേവ്യ:11-ാം അദ്ധ്യായത്തിൽ ഭക്ഷിക്കുവാൻ കഴിയുന്നതും ഭക്ഷിച്ചു കൂടാത്തതും എന്നാൽ പുതിയനിയമത്തിലെ ഉപദേശം ദൈവത്തിന്റെ സൃഷ്ടി എല്ലാം നല്ലത്, സ്തോത്രത്തോടെ അനുഭവിക്കുന്നു എങ്കിൽ ഒന്നും വർജ്ജിക്കേണ്ടതില്ല, ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നുവല്ലോ. കൂടാതെ പത്രോസ് കാണുന്ന ദർശനം ആകാശം തുറന്നിരിക്കുന്നതും വലിയൊരു തുപ്പട്ടിപോലെ നാലുകോണും കെട്ടിയിട്ടു ഭൂമിയിലേക്ക് ഇറക്കി വിട്ടൊരു പാത്രം വരുന്നതും അവൻ കണ്ടു. അതിൽ ഭൂമിയിലെ സകലവിധ നാല്ക്കാലിയും ഇഴജാതിയും ആകാശത്തിലെ പറവയും ഉണ്ടായിരുന്നു. പത്രോസേ എഴുന്നേറ്റ് അറുത്തു തിന്നുക എന്ന് ഒരു ശബ്ദം ഉണ്ടായി. അതിനു പത്രോസ് ഒരിക്കലും പാടില്ല കർത്താവേ മലിനമോ അശുദ്ധമോ ആയതൊന്നും ഞാൻ ഒരുനാളും തിന്നിട്ടില്ലല്ലോ, ആ ശബ്ദം രണ്ടാം പ്രാവശ്യം അവനോട്, ദൈവം ശുദ്ധീകരിച്ചത് നീ മലീനമെന്നും വിചാരിക്കരുത് എന്നു പറഞ്ഞു, അ.പ്രവ:10:11-15. പൗലോസ് പറയുന്നത് ഒന്നും വർജ്ജിക്കേണ്ടതല്ല, ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നുവല്ലോ, വിശുദ്ധീകരിക്കുന്നതിന്റെ മാനദണ്ഡം ദൈവവചനവും പ്രാർത്ഥനയുമാണ്. തിരുവചനത്തിൽ പ്രധാനമായും ശുദ്ധീകരണം പ്രാപിക്കുന്നത് വചനത്താലും ആത്മാവാലും യേശുക്രിസ്തുവിന്റെ രക്തത്താലുമാണ്, എബ്രാ:9:22, 1 യോഹ: 1:9. **(തുടരും..)**

## 01 ഐ. പി. സി. ജനറൽ...

ച്ചത്. ഇലക്ഷൻ കമ്മീഷണറായി ജി. ഐസക്കും റിട്ടേണിംഗ് ഓഫീസർമാരായി പാസ്റ്റർ തോമസ് നൈനാനും, മാത്യു ഇലഞ്ഞിക്കലും പ്രവർത്തിച്ചു.

ഫലപ്രഖ്യാപനത്തെ തുടർന്ന് ഔദ്യോഗിക സ്ഥാനാർത്ഥികൾ മിനിറ്റ്സ് ബുക്കിൽ ഒപ്പിട്ട് ഔദ്യോഗികമായി അധികാരം ഏറ്റെടുത്തു. തുടർന്ന് പുതിയ എക്സിക്യൂട്ടീവ് സഭാ ജനങ്ങൾക്കും ഇലക്ഷൻ കമ്മീഷനും നന്ദി പറഞ്ഞു.

## 01 ഐ. പി. സി. ജനറൽ കൗൺസിൽ അംഗങ്ങളായി ...

കോൺഫറൻസ് നാഷണൽ ട്രഷറാർ, പി.സി.എൻ.എ.കെ. നാഷണൽ സെക്രട്ടറി, ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയൻ ജോ. സെക്രട്ടറി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള രാജൻ പ്പള്ളിൽ ഇപ്പോൾ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം വൈസ് പ്രസിഡന്റ്, ബിലീവേഴ്സ് ജേണൽ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

# നിത്യതയിൽ



**സാമു തോമസ് (രാജു-60)**

**ചെങ്ങന്നൂർ:** കല്ലിശ്ശേരി ചെറുവള്ളത്ത് സാമു തോമസ് (രാജു-60) ഫിലദൽഫ്യയിൽ വെച്ച് ഇന്നു രാവിലെ കർത്തൃസന്നിധിയിൽ പ്രവേശിച്ചു. ചിലനാളുകളായി രോഗബാധിതനായി ചികിത്സയിലായിരുന്നു. സംസ്കാരം ഫിലദൽഫ്യ ഫുൾ ഗോസ്പൽ അസംബ്ലിയിൽ നടത്തി.

ഭാര്യ: മറിയാമ്മ, മക്കൾ: സ്റ്റാൻലി, സ്റ്റീന

മാതാപിതാക്കൾ: സാമുവേൽ തോമസ്, സാറാമ്മ തോമസ്



**കുഞ്ഞമ്മ മാത്യു (72)**

**വയയ്കക്കൽ:** കമ്പൻകോട് മാന്തോട്ടത്ത് ചരുവിളപുത്തൻ വീട്ടിൽ മത്തായി പണിക്കരുടെ ഭാര്യ ഐ. പി. സി. വയയ്ക്കൽ ഗിൽഗാൽ സഭാംഗം കുഞ്ഞമ്മ മാത്യു (72) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം നടത്തി.ഭവനത്തിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ ആന്റണി ചാക്കോ നേതൃത്വം നൽകി.

മക്കൾ: മേഴ്സി, സൂസൻ, സില്ല, മിനി, പാസ്റ്റർ ജോസ് പണിക്കർ, സജു പണിക്കർ, ബെൻസി, മരുമക്കൾ: പാസ്റ്റർ സി.റ്റി. ജോൺ (ഐപിസി പനവേലി), പി. സി. ജെയിംസ് (ബാംഗ്ലൂർ), ഗീവർഗീസ് (ബാംഗ്ലൂർ), രാജു, ഗ്രേസി, ഷേർലി, പ്രജിഷ്.

# വിമൻസ് ഫെലോഷിപ്പ്




**പായിപ്പാട്:** ന്യൂ ഇൻഡ്യാ വിമൻസ് ഫെലോഷിപ്പിന്റെ ചുമതലയിൽ 2016 ആഗസ്റ്റ് 25 രാവിലെ 9.30 മുതൽ 2 വരെ തിരുവല്ല ഗോസ്പൽ സെന്ററിൽ നടത്തപ്പെട്ട സെമിനാർ റവ. തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. വിമൻസ് ഫെലോഷിപ്പ് പ്രസിഡന്റ് മേഴ്സി തോമസ് അദ്ധ്യക്ഷത വഹിച്ച സെമിനാർ ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരി പ്രിൻസിപ്പാൾ ഡോ. ജെയ്സൻ തോമസ് ക്ലാസ് എടുത്തു. പാസ്റ്റർ റെജി കടമ്പനാട്, സഹോദരിമാരായ ലില്ലിക്കുട്ടി മാത്യു, മോളി ഫിലിപ്പ്, ലിസാ വിജയൻ, രമണി യോഹന്നാൻ, ലാലി സജു എന്നിവർ പ്രസംഗിച്ചു. ന്യൂ ഇൻഡ്യാ വിമൻസ് ഫെലോഷിപ്പ് ക്വയർ ഗാനശുശ്രൂഷ നിർവ്വഹിച്ചു. സഹോദരിമാരായ കുഞ്ഞുമോൾ പീറ്റർ, ലിസമ്മ രാജേഷ്, ലതാ ജോൺസൺ എന്നിവർ നേതൃത്വം വഹിച്ചു.

# തെരഞ്ഞെടുത്തു

**തിരുവല്ല:** ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് 2016 – 17 വർഷത്തേക്കുള്ള ഭരണ സമിതിയെ ഇന്ന് കൂടിയ സഭാ ജനറൽ ബോഡിയിൽ തെരഞ്ഞെടുത്തു. പാസ്റ്റർ ജോൺ തോമസ് (പ്രസിഡന്റ്), പാസ്റ്റർ റ്റി. പി. എബ്രഹാം( ആക്ടിംഗ് പ്രസിഡന്റ്), പാസ്റ്റർ പി. എം. ജോൺ (വൈസ് പ്രസിഡന്റ്), പാസ്റ്റർ എബ്രഹാം ജോസഫ് (ജനറൽ സെക്രട്ടറി & മാനേജിംഗ് കൗൺസിൽ), പാസ്റ്റർ കെ. ജി. മാത്യു (വർക്കിംഗ് സെക്രട്ടറി, മിനിസ്റ്റേഴ്സ് കൗൺസിൽ), ബ്രദർ കെ. ഇ. ജോർജുകുട്ടി (ട്രഷറർ), ബ്രദർ കെ. കെ. തോമസ് (ജോയിന്റ് സെക്രട്ടറി, മാനേജിംഗ് കൗൺസിൽ) എന്നിവരെ വരും വർഷത്തേക്കുള്ള ഭരണ സമിതിയായി തിരഞ്ഞെടുത്തു.

# പാഴ്സനേജുകളിലെ 'വേർപ്പെട്ട' ഓണം!



**ജയ്സൺ തോമസ് പാറക്കാട്ട്**

ആഘോഷത്തിമർപ്പിലാണു കേരളം. പെരുന്നാളും ഓണവും ഒന്നിച്ചെത്തിയതോടെ നാടാകെ ഉത്സവമേളത്തിന് ഇരട്ടിമധുരമാണെങ്കിലും സുഹൃത്തുക്കൾ കടയിൽനിന്നു വാങ്ങിയെത്തിക്കുന്ന ഉപ്പേരിയിലും ശർക്കര വരട്ടിയിലും തീരുന്നു എന്റെ ഓണം, മിക്ക പെന്തക്കോസ്തു യുവാക്കളെയുംപോലെ.

ഓണം മലയാളിയുടെ ദേശീയ ഉത്സവമെന്നാണു പറച്ചിലെങ്കിലും എനിക്ക് അങ്ങനെയായിരുന്നില്ല. പാഴ്സനേജുകളുടെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങുതായിരുന്നു ബാല്യം. തിരുവോണനാളിൽപ്പോലും സഭാംഗങ്ങളുടെ ഭവനങ്ങളിൽ ഉപവാസ പ്രാർത്ഥന പതിവ്. ഉച്ചവരെ കടിച്ചുപിടിച്ച് ഉപവാസമിരുന്നാലും ഓണസദ്യ കഴിക്കാമെന്നു കൊച്ചുമനസ്സ് മോഹിച്ചിരുന്നില്ല. അത്യാവശ്യമെങ്കിൽ, തലേന്നു ബാക്കി വന്നു ഫ്രിജിൽ കയറ്റിയ കറിയും തോരനും കുറച്ച് ഇറച്ചിക്കഷണങ്ങളും കൂട്ടി ചോറ് അകത്താക്കാം. കാലപ്പഴക്കം വീര്യമേറ്റിയ അച്ചാറും അപ്രതീക്ഷിത അതിഥികൾക്കായി കരുതിയ പഴവും കൂടിയാകുന്നതോടെ തീരും സദ്യപ്പെരുമ. മലയാളികളെല്ലാം പതിനെട്ടു(അതിലേറെയും) കൂട്ടവുമായി വിഭവസമൃദ്ധമായ ഓണസദ്യ അകത്താക്കുമ്പോൾ നമ്മൾ തട്ടിക്കൂട്ടുമായി കഴിഞ്ഞുകൂടും.

അയൽപക്കത്തെ കൂട്ടുകാരുടെ അത്തപ്പൂക്കള വിശേഷങ്ങൾ കേൾക്കുമ്പോൾ മനസ്സിൽ വർണങ്ങൾ വിരിയുമെങ്കിലും പാഴ്സനേജിനു മുന്നിൽ പൂക്കളമൊരുക്കിയാൽ തൊട്ടടുത്ത സഭാ കമ്മിറ്റിയിൽ വിഷയം പൂത്തിരിപോലെ കത്തുമെന്ന് അറിയാവുന്നതിനാൽ മോഹം മുളയിലേ നുള്ളി. അയലത്തെ തൊടിയിലെ ഊഞ്ഞാലിൽ ആടുമായിരുന്നെങ്കിലും സഭയിലെ വിശ്വാസികളാരെങ്കിലും കൺവെട്ടത്തു വന്നാലുടൻ പാരഗണിന്റെ വള്ളിച്ചെരുപ്പു മണ്ണിൽ സഡൻബ്രേക്ക് ഇടുമായിരുന്നു.

കാലം നോക്കാതെ പായസം കുടിക്കുമെങ്കിലും ഓണത്തിന് അതു മനപ്പായസം മാത്രം. അത്തം പത്തു പൊന്നോണക്കാലത്തു പാഴ്സനേജിലെ അടുക്കളയിൽ പായസത്തിന്റെ മണമുയർന്നാൽ അതുമതി പുകിലിനെന്നു തിട്ടമുള്ളതിനാൽ നിർബന്ധം പിടിച്ചില്ല. നാടെങ്ങും ഓണത്തിന് ഉത്സവവും ഗാനമേളയുമൊക്കെ അരങ്ങേറുമെങ്കിലും പോകാൻ അനുവാദമില്ല. പെന്തക്കോസ്തുകാരായ പല അച്ചായൻമാരും മക്കളുമൊക്കെ പോകാറില്ലേ എന്നു ചോദിച്ചാൽ, അവരെ നോക്കി പഠിക്കരുത് എന്ന മറുപടി ഉറപ്പായിരുന്നതിനാൽ ചോദ്യത്തിനു മുതിർന്നില്ല.

ഓണാഘോഷം ചില്ലറയായെങ്കിലും ആസ്വദിക്കാനായതു സ്കൂളിലാണ്. വടംവലി, റെസ്കുകടി, മെഴുകുതിരി കത്തിച്ചോട്ടം, നാരങ്ങാ സ്പൂൺ, ചാക്കിൽ കയറി ഓട്ടം, മൂന്നുകാലിലോട്ടം... ബാല്യത്തെ മനോഹരമാക്കിയ വിനോദങ്ങളേറെ. അവിടെയും ഡീസന്റ് പരിപാടികൾക്കേ കൂടൂ. നാടകത്തിനോ പുലികളിക്കോ ചേർന്നാൽ തിരികെ ചെല്ലുമ്പോൾ പാഴ്സനേജിൽ കയറ്റില്ലെന്ന് അറിയാമായിരുതിനാൽ അവ ചുവപ്പുമഷിക്കു വെട്ടി. റിസ്കില്ലാത്തതിനാൽ റെസ്കുകടിക്കു ചേരും. നാരങ്ങാ സ്പൂൺ വർജിതമല്ല. കലം തല്ലിപ്പൊട്ടിച്ചു മഷി വീണ ഉടുപ്പുമായി വീട്ടിൽച്ചെന്നാൽ അതിലും നല്ല തല്ല് ഉറപ്പായിരുന്നതിനാൽ ഒഴിവാക്കി.

പാഴ്സനേജിൽ തിരിച്ചെത്തിയാലും നിയന്ത്രണം. ടെലിവിഷനിലെ ബ്ലോക്ബസ്റ്റർ ഓണച്ചിത്രം കാണാൻ അനുവാദമില്ല. സൺഡേസ്കൂൾ ടീച്ചർ വരെ വീട്ടിലിരുന്നു സിനിമയും സീരിയലും കാണുന്നത് അറിയാമെങ്കിലും അലമാരയുടെ മുകളിൽ വളഞ്ഞുകിടന്നു കണ്ണുകാണിക്കുന്ന ചൂരൽ കാണുമ്പോൾ ഡിസ്കവറിയിലും നാഷനൽ ജ്യോഗ്രഫിയിലും സ്റ്റാർ സ്പോർട്സിലുമൊക്കെ തിരിഞ്ഞുകളിക്കും.

ഓണാവധി കഴിഞ്ഞു കൂട്ടുകാരെല്ലാം പുത്തൻ ഉടുപ്പുമിട്ടാണു സ്കൂളിലെത്തുകയെന്ന പോയിന്റ് മാത്രമാണ് അംഗീകരിക്കപ്പെടുക. ഒടുവിൽ, ഷർട്ടും പാന്റും വാങ്ങുന്നതിൽ തീരും ഓണം.

കാലമേറെ കടന്നുപോയി. ബാല്യത്തിലെ എണ്ണമറ്റ നിയന്ത്രണങ്ങൾ കുഞ്ഞുമനസ്സിനെ മടുപ്പിച്ചെങ്കിലും അവ നല്ലതിനായിരുന്നു എന്ന യാഥാർത്ഥ്യം ഓണം പലതു കടന്നുപോകുമ്പോൾ കാലം പഠിപ്പിക്കുന്നു. കാണം വിറ്റും ഓണം ഉണ്ണുകയും ഒടുവിൽ കടക്കെണിയിലാകുകയും ചെയ്യുന്ന ശരാശരി മലയാളിയുടെ ഗതികേട് വരില്ലല്ലോ. പൂവും പൂടവയും കള്ളുമൊക്കെ വാങ്ങിക്കൂട്ടി കാശു പൊട്ടിച്ചതിന്റെ നഷ്ടബോധമില്ലല്ലോ.

# ലഹരി വിമുക്ത ബോധവൽക്കര സുവിശേഷ റാലി



**വെള്ളറട:** പളുക്കൽ പ്രയർ വേൾഡ് ഗോസ്പൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15ന് ലഹരിമുക്ത ബോധവൽക്കരണ സുവിശേഷ റാലിയും സുവിശേഷ പ്രസംഗവും ലഘുലേഖ വിതരണവും നടന്നു. പളുക്കൾ, കന്നുമാംമൂട്, ഇളംഞ്ചിറ, മൂവോട്ടുകോണം തുടങ്ങി കന്യാകുമാരി ജില്ലയിലെ വിളവംകോട് താലൂക്കിൽപ്പെട്ട നാല് പ്രധാനപ്പെട്ട പട്ടണങ്ങളിൽ സുവിശേഷ പ്രസംഗം നടത്തി. ഡയറക്ടർ റവ. സി. ബിനു നേതൃത്വം നല്കി. പാസ്റ്റർമാരായ അനീഷ്, സുരേഷ്, പി, വി. കുര്യൻ, ജോബിരാജ്, സോളമൻ, ശെൽവരാജ്, ഷിബു കത്തിപ്പാറ തുടങ്ങിയവർ പ്രസംഗിച്ചു. പ്രയർ വേൾഡ് മ്യൂസിക്ക് ടീം ഗാനശുശ്രൂഷ നടത്തി. എൺപത് ഉരുചക്രവാഹനങ്ങളും നിരവധി കാറുകളും വാനുകളും ഉണ്ടായിരുന്നു. അൻപതിനായിരം സുവിശേഷ പ്രതിയും വിതരണം ചെയ്തു.

08 ↰

# കണ്ടതും കേട്ടതും...

കഴിഞ്ഞിട്ടില്ല. റേഡിയോയിലെ ഇംഗ്ലീഷ് വാർത്ത കേട്ട് അറ്റവും മുറിയും മനസ്സിലാകുമ്പോൾ വലിയ സന്തോഷമായിരുന്നു. കേരളീയരുടെ ഇംഗ്ലീഷ് പരിജ്ഞാനമില്ലായ്മയ്ക്കു കാരണം വിദ്യാഭ്യാസ സിലബസിൽ വരുത്തിയ മാറ്റമാണെന്നു പറയാം. രണ്ടു തരം വിദ്യാഭ്യാസം ലോകത്തിലെവിടെയെങ്കിലും വേറെ കാണുമോയെന്നാണെന്റെ സംശയം.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പലതിന്റെയും നിലവാരം താഴ്ന്നതാണ്. ഉച്ചാരണമൊക്കെ ഭീകരമാണെന്നേ പറയാൻ കഴിയൂ.

ബൈബിൾ സ്കൂൾ പഠനകാലത്താണ് ഇംഗ്ലീഷിൽ നാലു വാക്യം പറയാൻ കഴിഞ്ഞത്. തെറ്റുമെന്നു പേടിച്ച് പെറുക്കിപ്പെറുക്കിയായിരുന്നു പറച്ചിൽ. പക്ഷേ ത്രികാലങ്ങളും (tense) (കർത്തരി, കർമ്മണി പ്രയോഗങ്ങളുൾപ്പെടെ) സംസാരഘടകങ്ങളും (Parts of speech) നേരത്തെ അറിയാമായിരുന്നു. അതറിഞ്ഞിട്ടു കാര്യമില്ല; ഇതെല്ലാം യഥായോഗ്യം അടുക്കിപ്പെറുക്കിവച്ചുകൊണ്ടു സംസാരിക്കണമെങ്കിൽ, അതിനുള്ള ശേഷി കൈവരിച്ചേ മതിയാകൂ. തെറ്റാണെങ്കിലും പറയാനുള്ള ധൈര്യമാണു വേണ്ടതെന്നു പറയാറുണ്ട്. എനിക്കതിനോട് യോജിപ്പില്ല. ശരിയാണെങ്കിൽ പറഞ്ഞാൽ മതി. എന്നു വിചാരിച്ച് വീടിനു തീ പിടിക്കുമ്പോൾ, എന്റെ ഗ്രാമർ ശരിയല്ലെന്നു പറഞ്ഞു മിണ്ടാതിരിക്കരുത് (അതിനു "ഫയർ", "ഹെൽപ്പ്" എന്നു പറഞ്ഞാൽ മതി. ആൾക്കൂട്ടത്തിനിടയിൽ വഴിയുണ്ടാക്കാൻ, "എക്സ്ക്യൂസ് മീ"യെന്നു പറയേണ്ടതില്ല; "പ്ലീസ്" എന്നു നാക്കുളുക്കാതെ പറയാമല്ലോ).

പരിഭാഷയുടെ ഏറ്റവും നല്ല ഗുണം അതു പരിഭാഷയാണെന്നു തോന്നിപ്പിക്കാത്തതാണ്. ഇംഗ്ലീഷിൽ കർമ്മണി പ്രയോഗത്തിലുള്ള ധാരാളം വാക്യങ്ങളുണ്ട്. (അയയ്ക്കപ്പെടുക, തരപ്പെടുക, കൊടുക്കപ്പെടുക, തിന്നപ്പെടുക എന്നിങ്ങനെ). അവയൊക്കെ കർത്തരിപ്രയോഗത്തിലാക്കുകയാണു ഭംഗി. ഇവയൊക്കെ ശ്രദ്ധിക്കാത്തതുകൊണ്ടാണ് മിക്ക കൃതികളും വിരസമായിത്തോന്നുന്നത്.

"ലൈഫ്" എന്ന വാക്ക് ജീവനും ജീവിതവുമാണ്. ഏതാണു ഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്നതെന്നു ചിലപ്പോൾ പരിഭാഷകനു മനസ്സിലാകുകയില്ല. രണ്ടു വാക്കും യോജിച്ചെന്നും വരാം. അപ്പോൾ, കൂടുതൽ ചേർച്ചയുള്ളത് അവിടെയെഴുതുകയാണു നല്ലത്. പ്രാദേശികമായ പ്രയോഗങ്ങളും വിവർത്തകനെ ബുദ്ധിമുട്ടിക്കാറുണ്ട്. സ്പർജന്റെ പുസ്തകം വിവർത്തനം ചെയ്തപ്പോൾ അങ്ങനെയൊരനുഭവമുണ്ടായി."നിങ്ങളെന്നെ ബെഡ്‌ലാമിൽ കണ്ടെന്നു വരാം" എന്നോ മറ്റോ ഒരു വാക്യമുണ്ടായിരുന്നു. ബെഡ്‌ലാം എന്നതൊരു സ്ഥലപ്പേരാണെന്നല്ലാതെ മറ്റൊന്നും വിവർത്തകന് അറിഞ്ഞുകൂടാ. ഞാനത് അതുപോലെ എഴുതിവച്ചു. പക്ഷേ, ഈ വിവർത്തനം ഞാനൊരു പ്രഫസറെ കാണിച്ചു. തൃശൂർ സെന്റ് അലോഷ്യസ് കോളജിലെ റിട്ട. ഇംഗ്ലീഷ് പ്രഫസറും സുവിശേഷകനുമായ ജോൺ മാത്യു സാർ എനിക്കതു വിശദീകരിച്ചു തന്നു. ബെഡ്‌ലാം എന്ന സ്ഥലത്തു ചിത്തരോഗാശുപത്രിയുണ്ട്. "നിന്നെ ഊളമ്പാറയ്ക്കു കൊണ്ടുപോകണ"മെന്നു പറയുന്നതുപോലെ ഇംഗ്ലീഷുകാർ പറയുമായിരുന്നു. സ്പർജൻ ഉദ്ദേശിച്ചതും അതു തന്നെയാണ്. ജോൺ മാത്യു സാർ അതു പറഞ്ഞുതന്നില്ലായിരുന്നെങ്കിൽ എനിക്കത് അറിയില്ലായിരുന്നു. ഞാൻ വിവർത്തനം ചെയ്തതിൽ ഏറ്റവും ബുദ്ധിമുട്ടുണ്ടാക്കിയ പുസ്തകവും ചാൾസ് സ്പർജന്റെ 2,200 ഉദ്ധരണികളാണ്.

ഇംഗ്ലീഷ് ഭാഷയിൽ പാണ്ഡിത്യമുണ്ടായിട്ടല്ല ഇതൊക്കെച്ചെയ്തത്. ഇതൊരു വരുമാനമായതുകൊണ്ടും വിവർത്തന ജോലി എനിക്കിഷ്ടമുള്ളതുകൊണ്ടുമാണിതു ചെയ്യുന്നത്.

കഴിഞ്ഞയിടെ പാസ്റ്റർ പി. പി. കുര്യൻ പരിചയപ്പെടുത്തിയ ഒരാൾ ഒരു വിവർത്തനജോലിയുടെ കാര്യം പറഞ്ഞു. ഒരു പേജിന് എത്ര രൂപയാണെന്നു തിരക്കി. ജോയ്സ് മേയറുടെ സംഘടന തരുന്നത് ഇത്ര രൂപയാണെന്നു പറഞ്ഞു. ഉടനെ അദ്ദേഹം "പിന്നെ വിളിക്കാം" എന്നു പറഞ്ഞു ഫോൺ വച്ചു- (പിന്നെ വിളിക്കത്തില്ലെന്ന് എനിക്കറിയാമായിരുന്നു). ബോങ്കെയുടെ പുസ്തകം പരിഭാഷപ്പെടുത്തുംമുമ്പ് മുഖ്യസംഘാടകൻ (ക്രൂസേഡിന്റെ) നിരക്കു ചോദിച്ചു. പറഞ്ഞ തുകയിൽ നിന്ന് ഓരോ പേജിനും പത്തു രൂപ വീതം കുറച്ചാണു തന്നത്; ഞാൻ തർക്കിക്കാനൊന്നും പോയില്ല.

**നീക്കിബാക്കി:** പന്ത്രണ്ടു വർഷം മുമ്പ്, ഒരു പ്രമുഖ വ്യക്തി വിവർത്തനം ചെയ്തത്: "അവൻ ആളു കൊള്ളാമല്ലോ. നമുക്കവനെ കണ്ടു പിടിക്കാം"- അതിന്റെ ഒറിജിനൽ: "Then We will be caught up to meet Him in the air".

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 17
BELIEVERS JOURNAL
PUBLISHED ON 10/09/2016
BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla
RNI. NO. KERMAL/2008/26530
POSTAL REG. NO. KL/TLA/225/2015-17
Price: ₹10

ലേഖനം

# എടിഎം തട്ടിപ്പുകൾ വ്യാപകമാകുമ്പോൾ



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

വിശ്വാസ്യതയാണ് ഏതൊരു ബാങ്കിങ്ങിന്റെ അടിത്തറയാകുന്നത്. അതുകൊണ്ട് തന്നെ ഇടപാടുകളിലെ കൃത്യതയും സത്യസന്ധതയും നിക്ഷേപങ്ങളുടെ സുരക്ഷയും നഷ്ടപ്പെട്ടാൽ ബാങ്കിങ് സങ്കൽപ്പം തന്നെ അപ്രസക്തമാകും. ഈ കാലഘട്ടം അത്തരം ഒരു വൈതരണിയൂടെ ബാങ്കുകൾ കടന്നു പോകുന്നു എന്ന് വേണം ചിന്തിക്കുവാൻ. ഇന്ന് എടിഎമ്മുകൾക്ക് പ്രചാരം ഏറിയതോടെ സാധാരണക്കാരൻ പോലും എടിഎം കാർഡുകളെ ആശ്രയിച്ചാണ് ബാങ്ക് ഇടപാടുകൾ നടത്തുന്നത്. പണം കൊണ്ടു നടക്കാതെ തന്നെ ഏതാവശ്യത്തിനും എപ്പോഴും പണം ഉറപ്പാക്കാം എന്ന സ്ഥിതിയാണത്. അതു കൊണ്ട് എടിഎം കാർഡുകൾ എപ്പോഴും കൊണ്ടു നടക്കാതെ തരമില്ലാതായി. അതുകൊണ്ടു തന്നെ അവ നഷ്ടപ്പെടാനുള്ള സാധ്യതയും വളരെയേറെയാണ്. എടിഎം കാർഡ് നഷ്ടപ്പെട്ടാൽ കുഴപ്പമൊന്നുമില്ല, പിൻനമ്പർ അറിയാത്തതിനാൽ പണം പിൻവലിക്കാനാകില്ല എന്നാണ് ചിലരുടേയെങ്കിലും ചിന്ത. എന്നാൽ അത് തികച്ചും തെറ്റാണ്. കാരണം എടിഎം കാർഡുകൾ ഡെബിറ്റ് കാർഡുകൾ കൂടിയാണ്. അതായത് സ്വയ്പ് ചെയ്ത് പണം ഉപയോഗപ്പെടുത്താം. അതിന് പാസ്‌വേർഡ് അറിയേണ്ടതില്ല. മോഷണം പോയ കാർഡ് വഴി എടിഎം മെഷ്യനിൽ നിന്ന് പണം പിൻവലിക്കുന്നതിനേ തടസമുള്ളൂ. ഷോപ്പുകളിൽ നിന്ന് പർച്ചേയ്സ് നടത്തി അതിനുള്ള പേയ്മെന്റ് ഈ കാർഡ് ഉപയോഗിച്ചു നടത്താം. അങ്ങനെ നിങ്ങളുടെ അക്കൗണ്ടിലെ പണം മുഴുവനും നഷ്ടപ്പെട്ടേക്കാം. ഇതിൽ നിന്നെല്ലാം വ്യത്യസ്ഥമായ നിലയിലാണ് കഴിഞ്ഞദിവസം തിരുവനന്തപുരത്തെ ബാങ്കിടപാടുകാരുടെ പണം എടിഎം തട്ടിപ്പിലൂടെ കവർച്ച ചെയ്യപ്പെട്ട സംഭവം.അത് നമ്മുടെ നാട്ടിലെ ബാങ്കിങ് സംവിധാനങ്ങളുടെ അടിത്തറ തന്നെ ഉലയ്ക്കതക്ക നിലയിൽ അതീവ ഗൗരവമുള്ളതുമാണ്. സാധാരണ ജന ജീവിതത്തിന്റെ ഭാഗംതന്നെയാണിക്കാലത്ത് എടിഎം



കൗണ്ടറുകൾ. ദൈനംദിന പണമിടപാടുകൾ വലിയ അളവിൽ എടിഎം കൗണ്ടറുകളിലൂടെയാണ് നടക്കുന്നത്. പണം പിൻവലിക്കലിനു പുറമെ നിക്ഷേപിക്കുന്നതടക്കം ബഹുമുഖമായ സൗകര്യം ഈ കൗണ്ടറുകളിൽ ഏർപ്പെടുത്തുന്നതിൽ ബാങ്കുകൾ അതീവ തൽപ്പരരാണ്. 1,82,000 എടിഎം ഇന്ത്യയിലുണ്ടെന്നാണ് ഏകദേശ കണക്ക്. കേരളത്തിൽ, സഹകരണബാങ്കുകൾ ഉൾപ്പെടെ വിപുലമായ തോതിൽ എടിഎം ആരംഭിച്ചിട്ടുമുണ്ട്. പരിപൂർണ വിദേശ പങ്കാളിത്തത്തോടെയുള്ള എടിഎമ്മുകൾ വേറെയും വരുന്നു. തൊണ്ണൂറുകളുടെ ഒടുവിലാണ് കേരളത്തിൽ (ഇന്ത്യയിലും) എടിഎമ്മുകൾ വ്യാപകമാകുന്നത്. അതിനകംതന്നെ ലോകത്ത് സാങ്കേതികവിദ്യാവിദഗ്ധരായ തട്ടിപ്പുകാർ നാനാതരം പരീക്ഷണങ്ങൾ നടത്തിയിരുന്നു. അക്കാലത്തുതന്നെ ഉപയോഗപ്പെടുത്തിപ്പോന്ന സ്കിമ്മിങ് ആണത്രെ ഇപ്പോൾ തിരുവനന്തപുരം തട്ടിപ്പിലും പ്രയോഗിച്ചത്. സംഗതി വളരെ ലളിതം എടിഎം കൗണ്ടറിനകത്ത് ഒരു ചെറു ഉപകരണം സ്ഥാപിക്കുക. അതുമതി. അതിനുശേഷം മെഷിനിലിടുന്ന എടിഎം കാർഡുകളിലെ വിശദാംശങ്ങൾ മുഴുവൻ ഒപ്പിയെടുത്തുകൊള്ളും. അതിൽനിന്ന് കിട്ടുന്ന വിവരങ്ങൾ ഉപയോഗിച്ച് പുതിയൊരു കാർഡ് ക്ളോൺ ചെയ്തെടുക്കാം. പിന്നെ ആ കാർഡ് മതി കാര്യങ്ങൾ നടത്താൻ. ഇത്തരം തട്ടിപ്പുകൾ യൂറോപ്യൻ രാജ്യങ്ങളിൽ വ്യാപകമായതോടെ യൂറോപ്യൻ രാജ്യങ്ങൾ അടുത്തകാലത്തായി മാഗ്നറ്റിക് എടിഎം ഒഴിവാക്കി ചിപ് സംവിധാനങ്ങളിലേക്കു മാറി. ഇതോടെ അവിടെ നടത്തിയിരുന്ന തട്ടിപ്പു നിലച്ചു. ഇതോടെയാണ് തട്ടിപ്പിനു ബൾഗേറിയ ആസ്ഥാനമായി നേതൃത്വം കൊടുക്കുന്ന റുമേനിയക്കാർ മാഗ്നറ്റിക് എടിഎം കാർഡ് ഉപയോഗിക്കുന്ന രാജ്യങ്ങളെയാണ് നോട്ടമിടുന്നത്. ഇന്ത്യയിലേക്കും ഇവർ വരാൻ കാരണമിതാണ്. കാരണം ഓരോ എടിഎം കാർഡിനും ഒരു പതിനാറക്ക നമ്പരുണ്ട്. അത് ഉപയോക്താവിന് അറിയില്ല. അത് ബാങ്കിന്റെ സെർവറിൽ മാത്രമാണ് റെക്കോഡ് ചെയ്യപ്പെട്ടിരിക്കുന്നത്. കാർഡ് എടിഎം മെഷീനിൽ വലിച്ചിട്ട് ഉപയോക്താവ് തന്റെ മനസിലുള്ള നാലക്ക പാസ്‌വേഡ് അടിച്ചുകൊടുക്കുമ്പോൾ ആ പതിനാറും നാലും ചേർന്നുണ്ടാവുന്ന 20 അക്ക നമ്പരിലാണ് ശേഷമുള്ള പ്രോസസിംഗ് നടക്കുകയും പണം പിൻവലിക്കാൻ സാധിക്കുകയും ചെയ്യുന്നത്. അങ്ങനെ ഇലക്ട്രോ മാഗ്നറ്റിക് തരംഗങ്ങൾ, ഇലക്ട്രോ മാഗ്നറ്റിക്

06

കണ്ടതും കേട്ടതും

# “പരിഭാഷാവിഷമം”

ജയ്മോഹൻ അതിരുങ്കൽ
9567759748

കഴിഞ്ഞ ലക്കം വായിച്ചിട്ട് ഒന്നുരണ്ടുപേർ സുവിശേഷകൻ സി. വി. ഫിലിപ്പോസിനെ വിളിച്ചുവെന്നു കേട്ടു. ഒന്നും കൊടുത്തില്ലെങ്കിലും വിളിച്ച് ഒരാശ്വാസവാക്കു പറയുന്നതു സന്തോഷമാണ്. ഫിലിപ്പോസച്ചായനെ കുഴപ്പത്തിലാക്കിയ പോൾ പാസ്റ്റർ ഏതു “ക്രിസ്തുവിനെയാണു കണ്ടെത്തിയ”തെന്ന് എനിക്കറിഞ്ഞുകൂടാ! ഗൾഫിലും അമേരിക്കയിലും പല തവണ പോയി ധാരാളം പണം സമ്പാദിച്ച പോളുപദേശി പണ്ടത്തെക്കാര്യമൊന്നും മറക്കരുതായിരുന്നു.

കർത്താവിനു മനസ്സലിവുണ്ടായിരുന്നു. പക്ഷേ, ആ കർത്താവിന്റെ സുവിശേഷം പ്രസംഗിക്കുന്നവരിൽ അതു പലപ്പോഴും കാണുന്നുമില്ല! കഴിഞ്ഞയിടെ, പത്തനംതിട്ട ജില്ലയിൽ നിന്നു പെട്ടെന്നു പ്രസിദ്ധിയാർജിച്ച ഒരു പ്രസംഗകൻ, യോഗസംഘാടകരോടു ദേഷ്യപ്പെട്ട് ഭക്ഷണമൊന്നും കഴിക്കാതെ സ്ഥലം വിട്ടുപോലും! അവർ കുറുക്കുവഴിയിലൂടെ അദ്ദേഹത്തെ മറികടന്നു വണ്ടി തടഞ്ഞു കാശു കൊടുത്തു. അവർ കൊടുത്ത കവർ അദ്ദേഹം വലിച്ചെറിഞ്ഞു. നോട്ടുകൾ റോഡിൽ ചിതറി വീണു (പ്രതീക്ഷിച്ചതുപോലെയുള്ള ആൾക്കൂട്ടം യോഗത്തിനും കാണാത്തതാകാം പ്രസംഗകനെ കോപിപ്പിച്ചത്). എന്തായാലും വായനക്കാർക്കിതു കേൾക്കുമ്പോൾ എന്താകാം തോന്നുക?

കഴിഞ്ഞയിടെ കുറെയധികം പുസ്തകങ്ങൾ വായിക്കാൻ കഴിഞ്ഞു. ആവർത്തിച്ചു വായിച്ച പുസ്തകം, ദീപാ നിശാന്ത് എഴുതിയ, ‘കുന്നോളമുണ്ടല്ലോ ഭൂതകാലക്കുളിർ’ എന്നതാണ്. പല പതിപ്പുകൾ ഇറങ്ങിക്കഴിഞ്ഞ ആ കൃതി, ഹൃദ്യമായ വായനാനുഭവം നൽകുന്നുണ്ട്. മനുഷ്യത്വമെന്നാൽ എന്താണെന്ന് ആ പുസ്തകത്തിലെ അനുഭവങ്ങളിലൂടെ ഗ്രന്ഥകർത്രി (ഗ്രന്ഥകാരിയെന്നും വേണമെങ്കിൽ പറയാം. ‘ജേതാവ്’ പുരുഷനാകുമ്പോൾ, സ്ത്രീയെ (ജയിച്ചയാളെ) ‘ജേത്രി’യെന്നാണു പറയുക). തൃശൂർ കേരള വർമ്മാ കോളജിലെ ഭാഷാദ്ധ്യാപികയാണു ദീപ. ഇത്രയും ആമുഖമായിപ്പറഞ്ഞുവെന്നു മാത്രം.




പരിഭാഷയാണല്ലോ വിഷയം. വിവർത്തനം, മൊഴിമാറ്റം, തർജ്ജിമ (അതോ ‘തർജ്ജമ’യാണോ?) എന്നൊക്കെ ഇതിനു പറയാം. ‘പൊരുൾ തിരിക്കുക’യെന്നും (പ്രസംഗപരിഭാഷ, തൽസമയം) പറയുന്നു. ഞാനൊരു പരിഭാഷകനാണ്. കഴിഞ്ഞ കുറച്ചു വർഷങ്ങൾ കൊണ്ട് പത്തിൽ കുറയാത്ത പുസ്തകങ്ങൾ വിവർത്തനം ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ മൊഴിമാറ്റം നടത്തിയിട്ടുള്ളതു ജോയ്സ് മേയറുടെ പുസ്തകങ്ങളാണ്. സ്നേഹവിപ്ലവം(Love Revolution), നിങ്ങൾ നിങ്ങൾക്കുതന്നെ ഒരു ഉപകാരം ചെയ്യുക - ക്ഷമിക്കുക (Do Yourself A Favour - Forgive), ചില്ലിക്കാശ് (The Penny) കൂടാതെ മറ്റു ചില കൃതികളും അവരുടേതായി ഞാൻ വിവർത്തനം ചെയ്തിട്ടുണ്ട്. പിന്നീട് ബോങ്കെ (റെയ്ൻഹാഡ് ബോങ്കെ, റെയ്നാർഡ് അല്ല), ചാൾസ് സ്പർജൻ (2,200 Quotations From the Writings of Charles H. Spurgeo), സോബി മാലിക്കിന്റെ ഇസ്ലാം - ആമുഖവും സമീപനവും (Islam - Introdoction and Aproach), സൈലസ് സി. നായരുടെ A, B, C of Eschatology (അന്ത്യകാല ശാസ്ത്രത്തിന്റെ ആദ്യാക്ഷരങ്ങൾ) എന്നിവയും യോഹന്നാന്റെ സുവിശേഷ പഠനത്തിന്റെ പരിഭാഷ ‘ജീവജലം’ എന്ന പേരിൽ, ‘മർക്കസുൽ ബിശാറ’യ്ക്കു വേണ്ടിയും വിവർത്തനം ചെയ്തിട്ടുണ്ട്.

എന്നാൽ ഞാൻ ആദ്യം വിവർത്തനം ചെയ്തത് ഈ പുസ്തകങ്ങളൊന്നുമല്ല. ആറാം ക്ലാസിൽ പഠിക്കുന്ന സമയത്ത് (1978 – 79ൽ), ഇംഗ്ലീഷ് Reading Passage (Lesson) ലെ ഒരു പാഠമായിരുന്നു Toys. അതിലെ കഥാപാത്രങ്ങൾ ജോൺ, മേരി, കരടി, കാർ, വിമാനം എന്നീ കളിപ്പാട്ടങ്ങളായിരുന്നു. ഒരു ഷെൽഫിലെ പല തട്ടുകളിലായിരിക്കുന്ന അവയുടെ സംഭാഷണം ഏതാണ്ടു നാടകരൂപത്തിൽ അവതരിപ്പിച്ചിരിക്കുകയാണ്. അതു ഞാൻ പരിഭാഷപ്പെടുത്തി! എന്റെ അപ്പനാണ് എന്നെക്കൊണ്ട് ആ കഠിനകൃത്യം ചെയ്യിച്ചത്. ഇംഗ്ലീഷ് നന്നായി അറിയാമായിരുന്ന അദ്ദേഹം എനിക്കു പറഞ്ഞു തന്നതു ഞാൻ അതുപോലെ എഴുതി വച്ചുവെന്നു മാത്രം! അദ്ദേഹം പഠിപ്പിച്ചതൊന്നും എന്റെ തലയിൽ കയറിയില്ല.

ഇംഗ്ലീഷ് നന്നായി സംസാരിക്കണമെന്നും എഴുതണമെന്നുമുള്ളയാഗ്രഹം എനിക്കുണ്ടായിരുന്നു. എന്റെ കുട്ടിക്കാലത്ത് വീട്ടിൽ വരുത്തിയിരുന്ന സോവിയറ്റ് ലാൻഡ്, മോസ്ക്കോ ന്യൂസ്, ന്യൂ റ്റൈംസ്, സ്പോർട്ട്സ് ഇൻ ദ് യു.എസ്.എസ്.ആർ. എന്നീ പ്രസിദ്ധീകരണങ്ങൾ അപ്പൻ വായിച്ചു കഴിഞ്ഞിട്ട് അതിലെ പടങ്ങൾ നോക്കി ഞാൻ വെള്ളമിറക്കുമായിരുന്നു - ഒന്നും മനസ്സിലാക്കാൻ

07

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.